

കേരളീയം

എൻ.ആർ. ഗ്രാമപ്രകാശ്

# കേരളത്തനിമ രംഗവേദിയിൽ


രംഗവേദിയിലെ കേരളീയത ചർച്ചച്ചെയ്യപ്പെടേണ്ടതും, സമൂഹത്തിൽ സാംസ്കാരിക പ്രതിരോധത്തിന്റെ മാർഗ്ഗമായി ഇത്തരം ചർച്ചകൾ മാറേണ്ടതു മാണ്. തദ്ദേശീയ കലാരൂപങ്ങളുടെ ഉയിരെടുക്കാനുള്ള ശ്രമം വംശിയമായ സ്വത്വ കാംക്ഷതന്നെയാണ്. ഫിക്ഷനിലും കവിതയിലും കേരളിയ ആഖ്യാനമാതൃകകളെ ബോധപൂർവ്വം ഇടപെടുവിക്കുന്നതിൽ ഇപ്പോൾ ദൃശ്യമാകുന്ന ആവേശം, രംഗ വേദിയെ വളരെമുമ്പ് തന്നെ പിടികൂടിയിരുന്നു. മലയാളിയുടേതായ നാടകവേ ദിയെന്ന ആശയത്തിന് സിദ്ധാന്തപക്ഷത്തും പ്രയോഗപക്ഷത്തും അടിത്തറപാ കിയതിന് പിന്നിൽ, കാവാലം നാരായണപ്പണിക്കരെപ്പോലെ അനവധി ധിഷ്ണാശാലികളുടെ വിയർപ്പുണ്ടായിരുന്നു, പാശ്ചാത്യൻ സമ്പ്രദായത്തിന് അനു കരണമല്ലാത്ത വിധം, നമ്മുടെ ക്ലാസിക്കൽ ഫോക്സംസ്കാരത്തിന്റെ സത്ത ഉൾക്കൊണ്ട് നാടക പ്രയോഗം വികസിച്ചു. കേരളത്തിലെ പുരാവൃത്തങ്ങൾക്കും ഐതിഹ്യങ്ങൾക്കും അങ്ങനെ നാടകരൂപമുണ്ടായി.

കേരളീയത രചനയിൽ എന്നതിനേക്കാൾ അരങ്ങഭാഷയിലാണ് വെളിപ്പെ ടേണ്ടത്. അരങ്ങ് രചനയെ സ്വാധീനിക്കും. രംഗഭാഷയിലെ കേരളീയത നമ്മുടെ ചരിത്രത്തിലും രാഷ്ട്രീയത്തിലും, മുന്നേറ്റത്തിന്റെ ശുഭസൂചനകൾ നൽകി. ഒരു ചുവടിന്, ഒരു താളത്തിന് ഒരു ലോക വീക്ഷണമുണ്ട്. ആംഗ്യമെന്നത് ഒരു ഭൗതിക ചിഹ്നമാണ്. മതനിരപേക്ഷതയും ജനാധിപത്യവും പുലരേണ്ട നാടകകലയിൽ പുനരുത്ഥാനവാദത്തിന്റെ അംശങ്ങളുമുണ്ട്.

കേരളീയ ദൃശ്യവേദിയിൽ സ്ഥലസാഹചര്യങ്ങൾക്ക്, രംഗാവതരണവുമായി സവിശേഷ ബന്ധമുണ്ട്. ജനങ്ങൾ വേദിക്ക് ചുറ്റുമിരുന്ന് നാടകം ആസ്വദിക്കു കയും പ്രതികരിക്കുകയും ചെയ്യുന്നതിനേക്കാൾ എത്രയോ കുറഞ്ഞ 'ഫീഡ്ബാക്ക്' ആണ് ചട്ടക്കൂട്ട് വേദിയിൽ ലഭിക്കുന്നത്.

ഇന്നത്തെ നാടകവേദികളിൽ പക്ഷേ ശ്മശാനത്തിലെ മൂകത നിറഞ്ഞു നിൽക്കുകയാണ്. അഭിനയിക്കുന്നവന്റെ ശരീരത്തിന്റെ വിനിമയ ശേഷിയിൽ ഊന്നുന്ന സംസ്ക്കാരമാണ് ഭാരതീയരുടേത്. അലങ്കാരമായ സംഭാഷണത്തിനും ചമയങ്ങൾക്കും പ്രാധാന്യമുള്ള യൂറോപ്യൻ രീതി ഇതിനുമേൽ ആധിപത്യം നേടി. നാട്യ ശാസ്ത്രവും ഹസ്തലക്ഷണ ദീപികയും ആട്ടപ്രകാരങ്ങളും ക്രമദീപികയും നൽകിയ നാട്യസംസ്കൃതി പിണണിയിലേക്ക് പോയി. ഷേക്സ്പിയർ, ബാർണാഡ്ഷാ, കാളി സൻ ഇങ്ങനെ സാഹിത്യപ്രധാനർ അരങ്ങ് വാണ എന്നാൽ, ആധുനികതയിലേക്ക് വരുമ്പോ ബ്രെഹ്ത് മുതൽ പീറ്റർബ്രൂക്ക് വരെയുള്ളവ സാർവദേശീയമായ ഒരു നാട്യസമ്പ്രദായത്തിലേ ഉണരുന്നതും, അതിനായി എഷ്യൻ അഭിനയ സ തങ്ങൾ പ്രയോജനപ്പെടുത്തുന്നതുമാണ് കാണാ കഴിയുന്നത്. കേരളീയതയുടെ മുഖ മുദ്രകളായ ക കളിയും, കളരിയും കണ്ട് വിസ്മയിച്ചു, ഗ്രോ വസ്കി പുവുർ തിയേറ്റിന് അരങ്ങൊരുക്കവെ, വേ യിലെ ഏതെല്ലാം ഘടകങ്ങളെ മാറ്റിയാലും, നട മാറ്റാനാകില്ല എന്നാണത്രെ പറഞ്ഞത്. കൂടിയ ത്തിൽ മുന്നിൽ വിളക്കും പിന്നിൽ മിഴാവും ന വിൽ തന്റെ ശരീരത്തിന്റെ വിനിമയശേഷിയി വിശ്വാസമർപ്പിച്ച് ലോകത്തെ ഏത് ഭാവത്തെയ അവതരിപ്പിക്കാൻ തയ്യാറെടുത്ത് നിൽക്കുന്ന ഏ കിയായ നട്യന്റെ പ്രാമാണ്യത്തെ അംഗീകരിക്ക നാട്യത്തിലെ കേരളീയ്തക്കുള്ള അംഗീകാരമാ





ഡോ. ടി. പി. മുഹമ്മദ്അബ്ദുൽ റഷീദ്
*അറബിക് വിഭാഗം*

# കേരളീയതഅറബിസാഹിത്യത്തിലും ചരിത്രത്തിലും

**കേ**രളവും അറബികളും തമ്മിലുള്ള വാണിജ്യ ബന്ധത്തിന് സഹസ്രാബ്ദങ്ങളുടെ പഴക്കമുണ്ട്. അറബിക്കടലിന്റെ ഓരവുമായി കെട്ടിപ്പിണഞ്ഞു നീണ്ടുകിടക്കുന്ന മനോഹരമായ കേരള ഭൂപ്രദേശം പണ്ടേ അറബികളുടെ മനം കവർന്നിരുന്നു. വാണിജ്യബന്ധം പരസ്പര സഹവർത്തിത്വത്തിനും, പ്രവാചക പ്രഭുവിന്റെ ജീവിത കാലത്തുതന്നെ കേരളക്കരയിൽ ഇസ്ലാമിന്റെ പ്രചാരണത്തിനും, തനതായ ഒരു സാംസ്കാരിക തനിമ വളർന്നു വരുന്നതിനും നിമിത്തമായി വർത്തിച്ചു.

## അതിപുരാതന വാണിജ്യബന്ധം

സഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ അറബികൾ ആഗോള വ്യാപാരം നിയന്ത്രിച്ചിരുന്നതായി കാണാം. ഇന്ത്യ, ചൈന, ശ്രീലങ്ക മുതലായ രാജ്യങ്ങളിൽ നിന്ന് കുരുമുളക്, ഏലം, ഇഞ്ചി തുടങ്ങിയ സുഗന്ധദ്രവ്യങ്ങൾ ശേഖരിച്ചു. അവ കടലിനക്കരെ യമനിലെ വൻഗോഡൗണുകളിൽ സംഭരിച്ചു വച്ചു. അവിടെ നിന്ന് 2500-3000 ത്തോളം വരുന്ന ഒട്ടകങ്ങളുടെ പുറത്തു കയറ്റി സിറിയയിലേക്ക് കൊണ്ടുപോയി. ഒരു ഭാഗം ഈജിപ്ത്, അലക്സാണ്ട്രിയ എന്നിവിടങ്ങളിലേക്കും മറ്റൊരു ഭാഗം റോമിലേക്കുമെത്തിക്കുകയും അവിടങ്ങളിലുള്ള ചരക്കുകൾ ഇങ്ങോട്ട് കൊണ്ടുവരികയും ചെയ്യുക എന്നതായിരുന്നു അറബികളുടെ കച്ചവടശൈലി. യൂസുഫ് നബിയെ തന്റെ സഹോദരന്മാർ കിണറ്റിലിട്ട സ്മർത്തവ്യമാണ്. ഒരു യാത്രാ സംഘമാണ് അദ്ദേഹത്തെ അവിചാരിതമായി കിണറ്റിൽ നിന്നെടുത്ത് ഈജിപ്തിൽ കൊണ്ടുപോയി ഒരു പ്രമുഖന് തുച്ഛ വിലയ്ക്ക് വിറ്റത്. ആ യാത്രാസസംഘം ഇസാഈൽ നബിയുടെ സന്താനങ്ങളായ അറബികളായിരുന്നെന്ന് തൗറാത്തിലെ താഴെ വരുന്ന ഉദ്ധരണിസാക്ഷ്യപ്പെടുത്തുന്നു. ''സാമ്പ്രാണിയും സുഗന്ധപ്പശയും സന്നിനായകവും ഒട്ടകപ്പുറത്തു കയറ്റി മിസ്രയേമിലേക്ക് (ഈജിപ്തിലേക്ക്) കൊണ്ടുപോകുന്ന യിശ്മയേല്യരുടെ ഒരു യാത്രക്കൂട്ടം വരുന്നതു കണ്ടു...... അവർ യോസഫിനെ മിസ്രയേമിലേക്ക് കൊണ്ടുപോയി (ഉൽപത്തി, അ: 37, വചനങ്ങൾ 27, 28). 3600 വർഷങ്ങൾ പഴക്കമുള്ള കേരള-അറബി വാണിജ്യബന്ധത്തിലേക്കാണ് മേൽസംഭവം വിരൽചൂണ്ടുന്നത്.

ഇബ്രാഹീം നബിയും ഇസ്മാഈൽ നബിയും കഅ്ബ പടുത്തുയർത്തിയത് മുതൽ ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും പരിശുദ്ധ ഹജ്ജ് കർമ്മത്തിനായി ജനങ്ങൾ മക്കയിലേക്കൊഴുകിയിട്ടുണ്ടാകുമെന്ന് തീർച്ച. ഹജ്ജ് വേളകളിൽ മക്കയിലെയും ഉക്കാസിലെയും ചന്തകടം വൻവാണിജ്യ കേന്ദ്രങ്ങൾ കൂടിയാവുമെന്നതിനാൽ കേരളവും അറബികളും തമ്മിലുള്ള വാണിജ്യബന്ധം ചുരുങ്ങിയത് 4000 വർഷങ്ങൾ പഴക്കമുള്ളതായിരിക്കണം.



അക്കാലങ്ങളിൽ കേരളത്തിൽ മാത്രം വിളയുന്ന കുരുമുളക്, ആനക്കൊമ്പ്, ചന്ദനം, പുളി, തേക്ക് എന്നിവയായിരുന്നു അറബികളെ ഇങ്ങോട്ടാകർഷിച്ചത്. അവർ കേരളത്തെ ബിലാദുൽ ഫുൽഫുൽ അഥവാ കുരുമുളകിന്റെ നാട് എന്നായിരുന്നു വിശേഷിപ്പിച്ചിരുന്നത്. യൂറോപ്പിലെ കൃസ്ത്രീയ നേതാക്കൾക്ക് ക്രിസ്തുമസ് വേളയിൽ നൽകിയിരുന്ന വിലപ്പെട്ട സമ്മാനം കുരുമുളകായിരുന്നു. യുദ്ധത്തിൽ പരാജയപ്പെടുന്ന ഭരണകൂടങ്ങൾ മറുകൃഷിക്ക് നൽകുന്ന നഷ്ടപരിഹാരം കറുത്ത പൊന്ന് (കുരുമുളക്) ആയിരിക്കണമെന്ന് സന്ധിപത്രങ്ങളിൽ വ്യവസ്ഥ ചെയ്യാറുണ്ടായിരുന്നെന്ന് ഇളംകുളം കുഞ്ഞൻപിള്ള മുതലായ ചരിത്രകാരൻ പറയുന്നു.

കേരളത്തിൽ നിന്ന കുഴിച്ചെടുക്കപ്പെട്ട നാണയങ്ങൾ, ബി.സി. അഞ്ചാം ശതകത്തിൽ ജീവിച്ച ഹെറോഡോട്ടസ്, ബി.സി. 1293-ൽ ഇവിടം സന്ദർശിച്ച മാർക്കോപോളോ എന്നിവരുടേതായി ഇളംകുളം കുഞ്ഞൻപിള്ള തന്റെ അന്നത്തെ കേരള എന്ന ഗ്രന്ഥത്തിൽ കൊടുത്ത ഉദ്ധരണികൾ എന്നിവ ഈ പുരാതന വാണിജ്യബന്ധത്തിന് തെളിവാണ്.

## ഇബ്നുമാജിദ്

അറബികളുടെ വാണിജ്യക്കുത്തക മൂലം ചരക്കുകൾക്ക് കൂടുതൽ വില കൊടുക്കേണ്ടിവന്ന പാശ്ചാത്യർ, എങ്ങനെയെങ്കിലും കേരളത്തിലെത്തി നേരിട്ടു ചരക്കു വാങ്ങാൻ നടത്തിയ കണ്ടു പിടിച്ച ശ്രമത്തിന്റെ പരിണിതിയായാണ് വാസ്കോഡഗാമ കോഴിക്കോട്ടെ കാപ്പാടിൽ കപ്പലിറങ്ങിയത്. കേരളം എവിടെയാണെന്ന് പോലും പിടിപാടില്ലാതിരുന്ന വാസ്കോഡഗാമ പ്രസിദ്ധ കടൽ സഞ്ചാരിയും വിദഗ്ധ കപ്പിത്താനുമായിരുന്നു. 'ഇബ്നുമാജിദ്' എന്ന അറബിയിൽ നിന്നാണ് കേരളത്തിലേക്കുള്ള വഴി മനസ്സിലാക്കിയത്. പോർച്ചുഗീസ് രാജാവ്. കോഴിക്കോട്ടെ സാമൂതിരി രാജാവിന് കൊടുക്കാനായി വാസ്കോഡഗാമയെ ഏൽപിച്ച കത്ത് അറബിയിലായിരുന്നുവെന്ന് ഡോ.ഗുണ്ടർട്ട് കേരളപ്പഴമയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (പേജ് 7,8). അറബികളുടെ നാവിക വൈദഗ്ധ്യം സാമൂതിരിയും അറബികളും തമ്മിലുള്ള വളരെയടുത്ത ബന്ധം, അറബി ഭാഷയുടെ അക്കാലത്തുതന്നെയുള്ള സാർവ്വലൗകികത എന്നിവയിലേക്കാണ് ഈ കത്ത് വെളിച്ചം വീശുന്നത്. മുസ്ലിം രാഷ്ട്രത്തലവന്മാർക്കയക്കാനുള്ള കത്തുകൾ സാമൂതിരിക്കുവേണ്ടി അറബിയിൽ തയ്യാറാക്കിയിരുന്നത് സൈനുദ്ദീൻ മഖ്ദൂം ആയിരുന്നു.

## ചേരമാർ പെരുമാൾ

കേരളത്തിലെത്തിയ അറബികളിൽ നിന്ന് പ്രവാചകൻ മുഹമ്മദ് (സ)യുടെ ആഗമനത്തെ സംബന്ധിച്ചറിയാനിടയായ കേരള ഭരണാധികാരി ചേരമാൻ പെരുമാൾ ഭരണം മറ്റു ചിലരെ ഏൽപിച്ചുകൊടുത്ത്, നബി തിരുമേനിയെ നേരിൽ കാണാനുള്ള അത്യുൽക്കടമായ അഭിനിവേശത്തോടെ അറേബ്യയിലേക്ക് പോയതും, ഇസ്ലാംമതം സ്വീകരിച്ചു തിരിച്ചുവരുമ്പോൾ ഷഹർമുഖല്ലയിൽ വെച്ച് മരണമടഞ്ഞതും പ്രസിദ്ധ ചരിത്ര ഗവേഷകരമായ ശംസുല്ലാഖാദിരി, ഫിരിഷ്ത്ത, ത്വബരി തുടങ്ങി ഡോ.പി.എ. സെയ്തുമുഹമ്മദ് വരെയുള്ളവർ രേഖപ്പെടുത്തിയിട്ടുണ്ട്. ചേരന്മാർ പെരുമാളാണ് മാലിൻബിൻ ദീനാറിനും സംഘത്തിനും കേരളത്തിലേക്കു വരാൻ വഴിയൊരുക്കിയത്. മാലിക്ബിൻ ദീനാർ കൊടുങ്ങല്ലൂരിൽ ആദ്യത്തെ മസ്ജിദ് പണിതതോടെ കേരളത്തിൽ ഇസ്ലാം വേരൂന്നി.

## അറബി സാഹിത്യം

മഖ്ദൂം കുടുംബം വളർത്തിയെടുത്ത വൈജ്ഞാനിക പാരമ്പര്യം കേരളത്തിലെ അറബി സാഹിത്യത്തെ സമ്പുഷ്ടമാക്കി. അറബ് രാഷ്ട്രങ്ങൾക്ക് പുറത്ത്, അറബി ഭാഷ ഇത്രയധികം പ്രചുരപ്രചാരം നേടിയ ഒരു നാട് കേരളത്തെപ്പോലെ വേറെ കാണില്ല. വ്യത്യസ്ത മത, ഭൗതിക, വിജ്ഞാന ശാഖകളിൽ അറബി ഭാഷയിൽ ഗ്രന്ഥങ്ങൾ രചിച്ച പണ്ഡിതന്മാർ, മാതൃഭാഷപോലെ അറബി സംസാരിക്കുന്നവർ, ഭാഷയുടെയും സാഹിത്യത്തിന്റെയും വിവിധ ശാഖകളിലെ വിശിഷ്യാ കവിത രചനാ രംഗത്തെ സർഗ്ഗ പ്രതിഭകൾ എന്നിവർ കേരളത്തിന്റെ മാത്രം സവിശേഷതയാണ്.

കേരള മുസ്ലിംങ്ങളുടെ സാഹിത്യാവബോധം നാളിതുവരെ വിലയിരുത്തപ്പെട്ടിട്ടുള്ളത് അറബി മലയാളത്തിൽ അവരെഴുതിയ ഗ്രന്ഥങ്ങൾ, മാപ്പിളപ്പാട്ടുകൾ, കെസ്സുപ്പാട്ടുകൾ എന്നിവയിലൂടെ മാത്രമായിരുന്നു. എന്നാൽ അധികമാരും അറിയാതെ കിടക്കുന്ന അതിവിസ്തൃതമായ ഒരു സാഹിത്യ മേഖലയാണ് ഇവിടത്തെ മുസ്ലിംകളാൽ വിരചിതമായ തനിമയാർന്ന അറബിക്കവിതകൾ. ഇവയിൽ ചിലത് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഒട്ടനവധിയും വെളിച്ചം കണ്ടിട്ടില്ല. അവ കണ്ടെത്തേണ്ടതും, ശേഖരിക്കേണ്ടതും ക്രോഡീകരിക്കേണ്ടതും മാണ് വിസ്മൃതിയിലേക്കാണ്ടുപോയിക്കൊണ്ടിരിക്കുന്ന നമ്മുടെ പൈതൃകത്തെയും സാംസ്കാരികത്തനിമയെയും സാഹിത്യാഭിരുചിയെയും വരും തലമുറക്കുകൂടി ലഭ്യമാകുന്നതിന് ഈ ഉത്തമ കലാസൃഷ്ടികൾ മലയാള മണ്ണിൽ ഭദ്രമായി സംരക്ഷിക്കപ്പെടേണ്ടതുണ്ട്. പാശ്ചാത്യ അധിനിവേശത്തിനും സാമ്രാജ്യത്വവാദത്തിനുമെതിരായി പിറന്നുവീണ മണ്ണിന്റെയും മർത്ത്യന്റെയും സ്വാതന്ത്ര്യത്തിന്നായി ചേരിതിരിവില്ലാതെ തോളോട് തോൾ ചേർന്ന് ഉച്ചനീചത്വങ്ങളില്ലാതെ പോരാടിയ ഗതകാല സഹോദര്യത്തിന്റെ മധുരസ്മരണകൾ അയവിറക്കാനും കേരളീയർക്കിടയിൽ മതമൈത്രിയുടെ പാശങ്ങളെ അറക്കിട്ടുറപ്പിക്കാനും ആ പഴയ സാഹിത്യ സൃഷ്ടികൾക്ക് കഴിയും.

## ശൈഖ് സൈനുദ്ദീൻ ഒന്നാമൻ

വിശ്രുത പണ്ഡിതൻ ശൈഖ് അലിബിൻ അഹ്മദ് അൽമഅ്ബരിയുടെ മകനായി A.D.1476-ൽ കൊച്ചിയിൽ ജനിച്ചു. പൊന്നാനിയിൽ വളർന്നു, കോഴിക്കോട്ട് മതപഠനം നടത്തിയ ശൈഖ് സൈനുദ്ദീൻ ഉന്നത പഠനത്തിന് ഈജിപ്തിലും, മക്കയിലും മദീനയിലും പോയി. അദ്ദേഹമാണ് കേരളത്തിൽ ആദ്യമായി പള്ളിദർസ് സമ്പ്രദായം നടപ്പിലാക്കിയത്. ഇദ്ദേഹം വിശ്രുതനായ ഒരു അറബിക്കവിയാണ്. സാമ്രാജ്യശക്തി



കളോട് ധർമ്മ സമരം നടത്താൻ സത്യവിശ്വാസികളെ ഉൽബോധിപ്പിക്കുന്ന അദ്ദേഹത്തിന്റെ കവിത വളരെ പ്രസിദ്ധമാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് എരിവും ചൂടും പകർന്ന സാഹിത്യ കാവ്യങ്ങൾ വിരചിതമാകുന്നതിന് എത്രയോ നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ എഴുതപ്പെട്ട ഈ കാവ്യം ഇന്ത്യയിലെ അറബി ഭാഷയിലുള്ള പ്രഥമ സമരകാവ്യമാണ്. പറങ്കിപ്പടക്കെതിരെ വർഗ്ഗ-വർണ്ണ-മത ഭേദമന്യെ പടമൊരുതാനുള്ള ചാലക ശക്തിയായി ഈ കവിത വർത്തിക്കുകയുണ്ടായി. A.D.1522 ൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

## ഖാസിമുഹമ്മദ്

മുഹ്‌യിദ്ദീൻ മാലയുടെ കർത്താവായ ഇദ്ദേഹം ഒരു പ്രഗത്ഭ അറബിക്കവി കൂടിയാണ്. മഖ്ദൂംമാരുടെ സമരാഹ്വാന കവിതകൾ ചോലെ, ഖാസി മുഹമ്മദിന്റെ 'ഫത്ഹുൽ മുബീ'നും പറങ്കികൾക്കെതിരെ യുദ്ധം ചെയ്യാൻ എല്ലാ മനുഷ്യസ്നേഹികളോടും ആഹ്വാനം ചെയ്യുന്നു. പറങ്കികൾക്കെതിരിൽ ഐതിഹാസിക വിജയം നേടിയ ചാലിയം യുദ്ധത്തിന്റെ ആധികാരിക പ്രമാണമായ ഈ കാവ്യം കേരളത്തിൽ നിലനിന്നിരുന്ന ഹിന്ദുമുസ്ലീം ഐക്യത്തിന്റെ നിദർശനം കൂടിയാണ്. വേറെയും ധാരാളം കവിതകൾ അദ്ദേഹത്തിന്റേതായുണ്ട്. ഹിജ്റ 1028ൽ മരണപ്പെട്ട ഇദ്ദേഹം കുറ്റിച്ചിറ പള്ളി അങ്കണത്തിൽ അന്ത്യ വിശ്രമം കൊള്ളുന്നു.

### ഖാസി മുഹ്‌യിദ്ദീൻ

ഹി. 1004 ൽ കോഴിക്കോട്ട് ജനിച്ചു. പണ്ഡിതനായിരുന്ന അദ്ദേഹം ഗ്രന്ഥരചനയിലും സാഹിത്യ പ്രവർത്തനങ്ങളിലും പിതാവ് ഖാസി മുഹമ്മദിനെ സഹായിച്ചു. പിന്നീട് ഖാസിയായി അവരോധിക്കപ്പെട്ടു. ഒരു സർഗ്ഗപ്രതിഭയായ അദ്ദേഹത്തിന്റെ 'ലന്തപ്പടയുടെ നുഴഞ്ഞുക്കയറ്റത്തിന്നെതിരിലുള്ള കവിത' കിടയറ്റതാണ്. അവരെ തുരത്താനുള്ള സംരംഭങ്ങളിലെല്ലാം മുന്നണിയിൽ തന്നെ അദ്ദേഹമുണ്ടായിരുന്നു. അദ്ദേഹം വേറെയും കവിതകളെഴുതിയിട്ടുണ്ട്.

ഹിജ്റ 1301-ൽ ദിവംഗതനായ ഖാസു അബൂബക്കർ കുഞ്ഞിയും വളരെയേറെ കവിതകളുടെ കർത്താവാണ്.


### സൈനുദ്ദീനുൽ മഖ്ദൂം രണ്ടാമൻ

മഖ്ദൂമുകളിൽ ഏറ്റവും പ്രശസ്തനായ ഇദ്ദേഹം കേരളത്തിന്റെ ആധികാരിക ചരിത്ര ഗ്രന്ഥമായ 'തുഹ്ഫത്തുൽ മുജാഹിദീ'ന്റെ കർത്താവാണ്. കേരളചരിത്ര ഗവേഷകർക്ക് ഇതിനേക്കാൾ അവലംബമായി മറ്റൊന്നില്ല. ഇസ്ലാമിക കർമ്മശാസ്ത്ര പണ്ഡിതനും കൂടിയിരുന്ന അദ്ദേഹത്തിന്റെ 'ഫത്ഹുൽ മുഈൻ' എന്ന ഗ്രന്ഥം അറബി ലോകത്തെ പോലും വിശ്രുതമാണ്.

മനോഹരമായ അറബിക്കവിതകൾ രചിച്ച പുതിയങ്ങാടി സൂഫിക്കുട്ടി മുസ്ല്യാർ തന്റെ മകൻ മുസ്ല്യാരകത്ത് മമ്മിക്കുട്ടി ഖാസി തുടങ്ങിയവർ സാഹിത്യരംഗത്ത് നിസ്തുല സേവനങ്ങളർപ്പിച്ചവരാണ്. വെളിയംകോട്ടെ ഉമർഖാസി മമ്മിക്കുട്ടിഖാസിയുടെ ശിഷ്യനായിരുന്നു. തന്റെ ശിഷ്യന്മാരെ കവിതാരചന പഠിപ്പിച്ചിരുന്ന മമ്മിക്കുട്ടിഖാസിയുടെ കവിത ആലേഖനം ചെയ്ത് കുണ്ടോട്ടി പഴയങ്ങാടി പള്ളിയിൽ ഇന്നും കാണാവുന്നതാണ്.

## ഉമർഖാസി

മമ്പുറം സയ്യിദ് അലവി തങ്ങളുടെ സമകാലികനും സയ്യിദ് ഫസൽ പൂക്കോയ തങ്ങളുടെ ഗുരുഭൂതനുമായിരുന്നു ഉമർ ഖാസി. വെലിയങ്കോട്ടെ ഖാസിയും കൊടുങ്ങല്ലൂർ, ചേറ്റുവാ എന്നിവിടങ്ങളിലെ മേൽഖാസിയുമായിരുന്നു അദ്ദേഹം. അന്ധവിശ്വാസനാചാരങ്ങൾക്കെതിരെയും സാമൂഹ്യ ഉച്ചനീചത്വങ്ങൾക്കെതിരെയും തന്റെ കവിത പടവാളാക്കിയ പ്രതിഭയായിരുന്നു ഉമർഖാസി. ഇന്ത്യയിൽ ആദ്യമായി ബ്രിട്ടീഷ് ഗവൺമെന്റിനെതിരെ നികുതി നിഷേധ സമരം നടത്തിയത് അദ്ദേഹമായിരുന്നു. ഇതുകാരണം അദ്ദേഹം തുറുങ്കിലടക്കപ്പെട്ടു. അവിടെ വെച്ചു നികുതി നിഷേധം മുതൽ തുറുങ്കിലടച്ചത് വരെയുള്ള ആവേശകരമായ സംഭവങ്ങൾ ഹൃദയസ്പൃക്കായി ആവിഷ്ക്കരിച്ചു കൊണ്ടദ്ദേഹം ഒരു മഹാകാവ്യം രചിച്ച്, തന്റെ വന്ദ്യഗുരുവും ബ്രിട്ടീഷ് വിരോധിയുമായ സെയ്യിദ് അലവിത്തങ്ങൾക്കയച്ചുകൊടുത്തു. നാട്ടിലുടനീളം പ്രതിഷേധം അലയടിച്ചു. ഉമർഖാസിയെ ജയിൽ വിമുക്തനാക്കാൻ കലക്ടർ നിർബന്ധിതനായി.



ഹജ്ജ് കർമ്മം നടത്താൻ ലഭിച്ച രണ്ടവസരങ്ങളും മക്കയിലെയും മദീനയിലെയും പണ്ഡിതരുമായി സംവദിക്കാൻ അദ്ദേഹം വിനിയോഗിച്ചു. ഈയവസരത്തിലെഴുതിയ പ്രവാചകപുംഗവനെ പ്രകീർത്തിച്ചുകൊണ്ടുള്ള 'സ്വല്ലൽഇലാഹു' എന്ന അദ്ദേഹത്തിന്റെ കവിത വളരെ പ്രസിദ്ധമാണ്. അദ്ദേഹത്തിന് പുള്ളിയുള്ള അക്ഷരങ്ങളും പുള്ളിയില്ലാത്ത അക്ഷരങ്ങളും മാത്രം ഉൾക്കൊള്ളിച്ചെഴുതിയ വെവ്വേറെ സ്തുതികീർത്തന കവിതകളുമുണ്ട്. മമ്പുറം സയ്യിദ് അലവി തങ്ങളെയും, തന്റെ വന്ദ്യഗുരുനാഥൻ മമ്മിക്കുട്ടിഖാസിയെയും കുറിച്ചുള്ള വിലാപ കാവ്യങ്ങൾ അറിയപ്പെടുന്നവയാണ്. A.D. 1852ൽ അദ്ദേഹം ദിവംഗതനായി.

### പി.എം. മുഹമ്മദ് ഫലക്കി - വിളത്തൂർ

സുപ്രസിദ്ധ അറബിക്കവി, പണ്ഡിതൻ, സാഹിത്യകാരൻ എന്നീ നിലകളിൽ പ്രശോഭിച്ച മൗലവി മുഹമ്മദ് ഫലക്കി നാട്ടിലെ പഠനത്തിന് ശേഷം മദ്രാസിലെ ജമാലുദ്ദീൻ അറബിക് കോളേജിൽ പഠനം പൂർത്തിയാക്കി. പഠിക്കുമ്പോൾ തന്നെ അദ്ദേഹം കവിതകൾ രചിച്ചിരുന്നു. അൽമുർശിദ്, അൽ-ഇത്തിഹാദ്, അൽ-ബുശ്റാ തുടങ്ങിയ മാസികകളിൽ അദ്ദേഹം ഗദ്യ-പദ്യ രചനകൾ നടത്താറുണ്ടായിരുന്നു. കെ.എ.ടി. ഫഫിന്റെ സ്ഥാപക നേതാവായിരുന്ന പരേതന്റെ ഐ.എം.ഇ.ആയും സേവനമനുഷ്ടിച്ചിട്ടുണ്ട്. ഫലക്കിയും പി.വിയും കത്തിടപാടു നടത്തിയിരുന്നത് അറബി കവിതകളിലൂടെയായിരുന്നു. അദ്ദേഹത്തിന്റെ പുത്രൻ ജാബിറും ഒരു കവി

യാണ്. 1982-ൽ തന്റെ 72-ാമത്തെ വയസ്സിൽ മൗലവി ഫലക്കി അന്തരിച്ചു.

## കൊച്ചനൂർ അലി മൗലവി

തൃശൂർ ജില്ലയിലെ കൊച്ചനൂരിൽ ശ്രീ.1901-ൽ അലി ബിൻ ഫരീദിൽ കൊച്ചനൂരി അൽ-ഹിന്ദു ജനിച്ചു. പ്രഗത്ഭ കവി, കഴിവുറ്റ ഗ്രന്ഥ രചയിതാവ് എന്നീ നിലകളിൽ അറബി രാജ്യങ്ങളിൽ പോലും അദ്ദേഹം അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ ചില ഗ്രന്ഥങ്ങൾ വിദേശത്ത് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

നബി ചരിത്രത്തെ ചിത്രീകരിക്കുന്ന 'അൽഫിയ' എന്ന കവിത, ഫലസ്തീനികൾക്കെതിരെ ജൂതരുടെ ക്രൂരതകൾ തുറന്നു കാട്ടുന്ന മറ്റൊരു കവിത, റൗസത്തുൽ ഉലും അറബി കോളേജിനെ അറബികൾക്ക് പരിചയപ്പെടുത്തിക്കൊണ്ടെഴുതിയ കവിത തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രസിദ്ധ കവിതകളാണ്. ഇസ്ലാമിക കർമ്മശാസ്ത്രത്തിലും അദ്ദേഹം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. 1987 സപ്തംബർ 5ന് അദ്ദേഹം ഇഹലോക വാസം വെടിഞ്ഞു. അദ്ദേഹത്തിന്റെ മകൻ ജനാബ് ഫരീദ് ഫാറൂഖ്കോളേജ് അറബിക് ഡിപ്പാർട്ട്മെന്റിൽ അദ്ധ്യാപകനായിരുന്നു

## അബ്ദുല്ലാഹിന്നൂറാനി

1913-ൽ അങ്ങാടിപ്പുറത്ത് ജനിച്ചു. ഉമറാബാദിലെ 'ദാറുസ്സലാം' അറബിക്കോളേജിൽ പഠനം പൂർത്തിയാക്കി. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ രൂക്ഷമായ വിമർശന കാവ്യങ്ങളെഴുതി. അദ്ദേഹത്തിന്റെ കവിതയിൽ സാഹിത്യ ഭംഗിയും സംഗീത മാധുരിയും സമജ്ഞസമായി സമ്മേളിച്ചിരുനനു. 1953ൽ തന്റെ 40-ാം വയസ്സിൽ അദ്ദേഹം ദിവംഗതനായി. ഒരു നിമിഷ കവിയായിരുന്ന അദ്ദേഹം ഏതു വിഷയത്തെക്കുറിച്ചും പെടുന്നനെ കവിത രചിക്കുമായിരുന്നു. അൽമുർശിദിൽ അദ്ദേഹത്തിന്റെ കവിതകളും ലേഖനങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു.

## പി.വി.മുഹമ്മദ് മൗലവി

'അബൂലൈലാ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന പി.വി.മുഹമ്മദ് മൗലവി പുളിക്കൽ, പേഴുംകാട്ടിൽ തറവാട്ടിൽ ജനിച്ചു. കോഴിക്കോട് എം.എം. ഹൈസ്ക്കൂളിൽ പഠിക്കുമ്പോൾ തന്നെ ആശയ ഗംഭീരവും ഭാവനാസമ്പന്നവുമായ കവിതകൾ രചിച്ചു തന്റെ അധ്യാപകരുടെ മുക്തകണ്ഠ പ്രശംസക്ക് പാത്രമായിരുന്നു. അറബി; ഇംഗ്ലീഷ്, ഉർദു, മലയാളം, തമിഴ് തുടങ്ങിയ ഭാഷകളിൽ എഴുതാനും, പ്രസംഗിക്കാനും, ഭാഷാന്തരം ചെയ്യാനും കവിതകൾ രചിക്കാനുമുള്ള അദ്ദേഹത്തിന്റെ അസാമാന്യ കഴിവ് ആരെയും വിസ്മയിപ്പിച്ചിരുന്നു. തിരൂരങ്ങാടി നൂറുൽ ഇസ്ലാം മദ്രസയിൽ സേവനമനുഷ്ടിച്ചിരുന്ന അദ്ദേഹം അൽമുർശിദിന്റെ പ്രസിദ്ധീകരണത്തിൽ കെ.എം. മൗലവിയെ സഹായിച്ചിരുന്നു. തലശ്ശേരിയിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന ചന്ദ്രിക ദിന പത്രത്തിന്റെ അസിസ്റ്റന്റ് മാനേജറായിരുന്നു അദ്ദേഹം. ജിന്നാസാഹിബ് മരിച്ചപ്പോൾ അനുശോചിച്ചു കൊണ്ടു അദ്ദേഹമെഴുതിയ വിലാപകാവ്യം ഇന്ത്യാഗവൺമെന്റ് കണ്ടുകെട്ടിയിരുന്നു. അൽമുർശിദിന് വേണ്ടി പേപ്പർ വാങ്ങാൻ മദ്രാസിലേക്ക് വണ്ടി കയറിയ അദ്ദേഹം പേപ്പർ തിരൂരങ്ങാടിയിലേക്കയച്ചു നേരെ പാക്കിസ്ഥാനിലേക്ക് പോവുകയായിരുന്നു. തന്റെ ഭാര്യയും മക്കളും അതേ സമയം പുളിക്കലായിരുന്നു. പാക്കിസ്ഥാനിൽ സ്ഥിരതാമസമാക്കിയ അദ്ദേഹത്തെ പാക്കിസ്ഥാൻ ഗവൺമെന്റ് ആദരിക്കുകയും തന്റെ ബഹുമുഖ കഴിവുകൾക്കുള്ള അംഗീകാരമായി അവാർഡ് നൽകുകയും ചെയ്തു. പാക്കിസ്ഥാൻ പാർമെന്റിന്റെ ചുമരിൽ ജിന്നാസാഹിബിനെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ അനുശോചന കാവ്യം ഫ്രെയിംചെയ്തു സൂക്ഷിക്കപ്പെട്ടതായി പറയപ്പെടുന്നു. പാക്കിസ്ഥാനിലെ സൗദി എമ്പസിയിൽ ട്രാൻസ്ലേറ്റർ ആയി അദ്ദേഹം ജോലി ചെയ്തിരുന്നു.

പാക്കിസ്ഥാനിലേക്ക് പോകുന്ന മദ്ധ്യേ ട്രയിനിലിരുന്ന് തന്റെ സുഹൃത്ത് മൗലവി ഫലക്കിക്ക് അദ്ദേഹമെഴുതിയ 'ലൗഅത്തുൽ ഫിറാഖ്' (വേർപാടിന്റെ വേദന) എന്ന കവിത കത്ത് രൂപത്തിലായിരുന്നു. കുടുംബത്തിൽ നിന്നകലെ, പാക്കിസ്ഥാനിൽ ഗൃഹാതുരത്വമനുഭവിച്ച പി.വിക്ക് ഇന്ത്യയിലേക്ക് തന്നെ മടങ്ങണമെന്നുണ്ടായിരുന്നു. എന്നാൽ നിയമം തടസ്സമായതിനാൽ വിശുദ്ധ ഹജ്ജ് കർമ്മം നിർവ്വഹിച്ച് സഊദിയിൽ നിന്ന് നേരെ ഇന്ത്യയിലേക്ക് തിരിക്കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നുവത്രെ. എന്നാൽ സഊദിയിൽ വെച്ച് 1950ൽ, തന്റെ 37-ാമത്തെ വയസ്സിൽ മരണം അദ്ദേഹത്തെ പിടികൂടുകയാണുണ്ടായത്. പി.വി.യെപ്പോലെ ഭാവനാസമ്പന്നനായ ഒരു കവിയെ പ്രതിഭയെ കേരളത്തിലെ അരഭിക്കവികളിൽ വേറെ കാണല്ല. അറബി കാവ്യരംഗത്തെ മഹാകവിയായി അദ്ദേഹം അറിയപ്പെടുന്നു.

## സി.പി.അബൂബക്കർ മൗലവി

1918-ൽ തൃശൂരിൽ ജനിച്ച സി.പി. മൗലാനാ അബുസ്സബാഹ് മൗലവിയുടെ പ്രഥമ ശഷ്യനായിരുന്നു. റൗളത്തുൽ ഉലൂം അറബിക്കോളേജിൽ ദീർഘകാലം അദ്ധ്യാപന പദവും പിന്നീട് പ്രിൻസിപ്പൽ പദവുമലങ്കരിച്ചിരുന്ന അദ്ദേഹം ഒരു സർഗ്ഗകവിയും, പ്രഗത്ഭവാഗ്മിയും ഫലിതത്തിലൂടെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തിരുന്ന ചിന്തകനുമായിരുന്നു. അദ്ദേഹത്തിനറെ ശൈഖ് മുഹമ്മദ് മൗലവിയെ സംബന്ധിച്ചുള്ള അനുശോചനകാവ്യം മനോഹരമാണ്.


## എൻ.കെ.അഹ്മദ് മൗലവി

എൻ.കെ. 1926-ൽ കടവത്തൂരിൽ ജനിച്ചു. പുളിക്കൽ മദീനത്തുൽ ഉലൂം അറബികോളേജിൽ പഠനം നടത്തി. എം.സി.സി. അബ്ദുറഹ്മാൻ മൗലവി, എം.സി.സി. ഹസൻ മൗലവി എന്നിവർ അദ്ദേഹത്തിന്റെ ഗുരുനാഥരായിരുന്നു. 1981-ൽ തലശ്ശേരി സെക്കന്ററി സ്ക്കൂളിൽ നിന്നദ്ദേഹം റിട്ടയർ ചെയ്തു. നൂറുകണക്കിന് കവിതകൾ രചിച്ചിട്ടുള്ള അദ്ദേഹമാവും കേരളത്തിലെ അറബിക്കവികളിൽ ഏറ്റവും കൂടുതൽ കവിതകൾ രചിച്ചിട്ടുണ്ടായിരിക്കുക. അദ്ദേഹം പുളിക്കൽ ജാമിഅ സലഫിയ്യയിൽ വിസിറ്റിംഗ് പ്രൊഫസറായി സേവനമനുഷ്ടിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വളരെയേറെ കവിതകൾ സ്ക്കൂൾ പാഠപുസ്തകങ്ങളിൽ സ്ഥലം പിടിച്ചിട്ടുണ്ട്.കവിത രചന, ഗ്രന്ഥ രചന, മാപ്പിളപ്പാട്ട്, വ്യാകരണ ശാസ്ത്രം, കർമ്മശാസ്ത്രം, നോവൽ തുടങ്ങി അനേകം സാഹിത്യ ശാഖകളിലും വൈദ്യശാസ്ത്രം, ഭൂമിശാസ്ത്രം, ഗോളശാസ്ത്രം തുടങ്ങി വളരെ ശാസ്ത്ര ശാഖകളിലും കേരളമുസ്ലിംകൾ തങ്ങളുടെ തനിമയാർന്ന സംഭാവനകളർപ്പിച്ചിട്ടുണ്ട്. എന്നാൽ പുതിയ തലമുറക്ക് തങ്ങളുടെ മഹത്തായ പൈതൃകം അജ്ഞാതമാണ്. നാം ആദ്യമായി വേണ്ടത് അത് അറിയുകയാണ്. പ്രസിദ്ധ ചരിത്രകാരൻ ഫാദർ കേരള മുസ്ലീംകളെ ഉൽബോധിപ്പിച്ചത്. "Know thyself" (നിങ്ങൾ നിങ്ങളെ അറിയുക) എന്നാണ് നമ്മുടെ പൈതൃകം നമ്മെ ആവേശഭരിതരാക്കാനും നമ്മിൽ ബോധമുണ്ടാക്കാനും പര്യാപ്തമാണ്. അറബി സാഹിത്യത്തിലെ കേരളത്തനിമയാർന്ന ഈ കൈത്തിരി ഇനിയും ജാജ്ജ്വല്യമാനമാക്കേണ്ടത് അറബി ഭാഷാ സാഹിത്യപ്രണേതാക്കളാണ്..

അഷ്റഫ്. സി.പി
രണ്ടാം വർഷം ബി.കോം



# കേരളീയത കേട്ടതും കണ്ടതും



കേരളം = തെങ്ങോലത്തുമ്പിലൂടെ അരിച്ചിറങ്ങുന്ന നറുനിലാവിനെ പ്രതിഫലിപ്പിക്കുന്ന നീലക്കായൽ, പകൽ സഞ്ചാരത്തിന്റെ വിശ്രമമെന്നോണം കാറ്റിലുലയുന്ന നാടൻ വള്ളങ്ങൾ പശ്ചാത്തലത്തിൽ.........

കേരളീയത =പാടവരമ്പിലൂടെ എതിർ ദിശകളിൽ നിന്ന് രണ്ട്പേർ നടന്നടുക്കുന്നു, നേർത്തവരമ്പിൽ നിന്ന് രണ്ട് പേരും വശങ്ങളിലേക്കിറങ്ങി മനം നിറഞ്ഞൊരു പുഞ്ചിരി കൈമാറി കടന്ന് പോകുന്നു........

കേരളീയത എന്തെന്ന് ഇനി വിശദീകരിക്കേണ്ടതില്ല. രണ്ടാമത് പറഞ്ഞ ദൃശ്യത്തിന്റെ ആവിഷ്കാരത്തിന് പിന്നിലെ വികാരമേതോ, അതുത്തന്നെ കേരളീയത.

നിറപറ, നിലവിളക്ക്, കതിർക്കുല, പടിപ്പുര, പത്തായപ്പുര, ക്രമം തെറ്റാത്ത വിളമ്പിയനാക്കില കേരളീയതയെക്കുറിച്ചുള്ള സാമാന്യ ചർച്ചകൾ എത്തിനിൽക്കാറ് ഈ ബിംബങ്ങളിലാണ്. ഈ ബിംബവൽക്കരണത്തിനുമപ്പുറത്തെ ജീവനുള്ള കാഴ്ചകൾ പലപ്പോഴും നമ്മുടെ ടെലസ്കോപ്പിൽ പതിയാറില്ല. ഇതിനർത്ഥം ഈ ബിംബങ്ങളൊന്നും നമ്മുടെ സംസ്കൃതിയെ കുറിക്കുന്നില്ല എന്നല്ല, കുറിക്കുന്നുണ്ട് ഒരു പിരിധിവരെ മാത്രം. ഈ ബിംബങ്ങൾക്കെല്ലാം ചെയ്യാനാകുന്നത് ജീവിതത്തിനുള്ള ഭൗതിക സാഹചര്യമൊരുക്കുക എന്നത് മാത്രമാണ്. ഈ സാഹചര്യങ്ങളെ ആവശ്യാനുസരണം സ്വീകരിച്ചും, ഉപയോഗിച്ചും സ്വസ്ഥമായും മിതമായും ജീവിതം ആഘോഷിക്കാനുള്ള മനസ്ഥിതിയെയാണ് കേരളീയത

ാകൊണ്ടാർത്ഥമാക്കേണ്ടത്.

ഈ ചുറ്റുപാടാണ് കഴിഞ്ഞ കാലങ്ങളിൽ പശ്ചിമഘട്ടത്തിനും, അറബിക്കടലിനുമിടയിലെ ഈ ഭൂപ്രദേശത്തെ വേർതിരിച്ചു നിർത്തിയത്. ഒന്നാമത് നമ്മുടെ വേറിട്ട പ്രകൃതി തന്നെ. പച്ച പുതപ്പിട്ട മലകളും, കുന്നുകളും, കണ്ണെത്താത്തത്ര പരന്ന് കിടക്കുന്ന നെൽവയലുകൾ നടവരമ്പുകൾ, അരുമയോടെ തലകുനിച്ചൊഴുകുന്ന കൈതോടുകൾ, കൊയ്ത്തുത്സവങ്ങൾ കൊയ്ത്ത പാട്ടുകൾ അടുക്കളയും, ആഗോള വിശേഷങ്ങളും ചർച്ചചെയ്യുന്ന ചായമക്കാനികൾ,

മഴയും വേനലും ഊഴമിട്ടെത്തി കുളിരും ചൂടും പകർന്നു. എത്ര പറഞ്ഞാലും തീരാത്തതാണ് നമ്മുടെ പഴയ മഴക്കാല വിശേഷങ്ങൾ. ഇടപ്പാതിയോടെ മാനം കരഞ്ഞു തുടങ്ങുമ്പോൾ മണ്ണും മനസ്സും ഉണരുകയായി.. കുളവും തോടും നിറഞ്ഞൊഴുകി നാടാകെ മഴയുടെ പെയ്ത്തുത്സമാഘോഷിച്ചു. മഴതോർന്നൊരിടമേളയിൽ ഇറയത്തെ ഒഴുക്കുവെള്ളത്തിൽ കടലാസുതോന്നിയിറക്കി പഴയ ബാല്യങ്ങൾ അറബിക്കടലോളം സഞ്ചരിച്ചു. കുടയുണ്ടായിട്ടും എടുക്കാതെ ചേമ്പില ചൂടി വയൽവരമ്പിലൂടെ ചെളി തെറിപ്പിച്ച് വിദ്യാലയമുറ്റത്തേക്ക് യാത്ര ചെയ്തു...

മഴയോടൊപ്പം മലയാളിയുടെ മനസ്സും പെയുകയായിരുന്നു.. ശാഠ്യക്കാരനായ കുട്ടിയുടെ കരച്ചിൽപോലെ പഴയ കവിതകളിൽ മഴയുടെ തേങ്ങൽ കേൾക്കാം... മഴ പെയ്യാതിരുന്നപ്പോൾ ആത്മഹത്യ ചെയ്തൊരു എഴുത്തകാരനും നമുക്കുണ്ടായിട്ടുണ്ട്, നന്തനാർ.

ഓരോ ആണ്ടറുതിയിലും ക്രമം തെറ്റിയെങ്കിലും ഇപ്പോഴും മാനം കറുക്കാറുണ്ട് മഴപെയ്യാറുണ്ട്. പക്ഷെ മഴത്തുള്ളിക്ക് താളമിടാൻ ഒരു ചെറുകുളും പോലും നാം ബാക്കിയാക്കുന്നില്ലല്ലോ, വയലും കൈതോടുകളും ഓർമ്മയിലെ വിരുന്നുകാരായി..

ടി.വി.യിലെ ക്രിക്കറ്റ് മാച്ചിന് ശല്യമായെത്തുമ്പോഴാണ് നാമിന്ന് മഴയുടെ സാന്നിധ്യമറിയുന്നത്. പുറത്ത് മഴപെയ്യുമ്പോൾ അടച്ചിട്ട ഫ്ളാറ്റ് മുറിയിലിരുന്ന് മെഗാസീരിയിലെ പരസ്യവാചകത്തിനൊപ്പം താളം പിടിക്കുന്നു,

"മഴ..മഴ..കുട..കുട...."

മഴയുടെ സകലഭാവങ്ങളും ഏറ്റ് വാങ്ങിയ പഴയ മനസ്സുകളൊക്കെ, പടിഞ്ഞാറ് നിന്ന് പെയ്ത തുടങ്ങിയ ചാനൽ മഴയിൽഒലിച്ചു പോയതിന് നാം ആരെയാണ്പഴിചാരുക....

നന്മയുടെ നിലാവ് പെയ്തിറങ്ങുന്നതായിരുന്നു നമ്മുടെ പഴയ നാട്ടിൻ പുറങ്ങൾ. വയലുകൾക്കിടയിലൂടെയുള്ള ചെമ്മൺ പാതചെന്നവസാനിക്കുന്നത് ഓല മേഞ്ഞ ചായമക്കാനിക്ക് മുമ്പിലാണ്. ഒന്നോരണ്ടോ ദിനപത്രങ്ങൾ മാത്രമുള്ള വായനശാല രാവിലെ മുതൽ സജീവമായിരിക്കും. രാഷ്ട്രീയവും, നാട്ടുവിശേഷങ്ങളും പറഞ്ഞ് തർക്കിക്കാനും നേരം കളയാനും ഇവിടെ കുറെ കാരണവരുണ്ടായിരുന്നു. പരസ്പരംമറിഞ്ഞും സ്നേഹിച്ചും ജീവിച്ചുപോന്ന ഒരു സമുഹത്തിന്റെ സാന്നിധ്യം എല്ലായിടത്തും കാണമായിരുന്നു. മനസ്സുകൾക്കിടയിൽ മറകളില്ലാത്തതിനാൽ മരണവീടും, കല്ല്യാണവീടും നാട്ടുകരുടെ ഒത്തുചേരൽ കേന്ദ്രങ്ങളായി. നടപ്പിലും പെരുമാറ്റത്തിലും ഓരോ നാട്ടിൻപുറത്തിനും സ്വന്തമായ മുദ്രകളുണ്ടായിരുന്നു. സന്ധ്യാസമയത്ത് ഊടുവഴികളിലൂടെയുള്ള യാത്ര ആർക്ക് മറക്കാനാകും? ചുവപ്പ് പരന്ന ആകാശച്ചെരുവിന് താഴെ ഓരോ വീടും ഭക്തിയുടെ ഈരടികൾ കൊണ്ട് മുഖരിതമായിരുന്നു. രാമായണവും, വിശുദ്ധഖുർആനും, ബൈബിളും ഭക്ത്യാദരപൂർവ്വം പാരായണം ചെയ്യപ്പെടുന്ന കാഴ്ച..... ഉയർന്നു കേൾക്കുന്ന ഈരടികളിൽ നിന്ന് ഓരോ വീടിന്റെയും ദൈവ സങ്കൽപത്തെയും വിശ്വാസാചാരങ്ങളെയും നമുക്ക് വേർതിരിച്ച് പറയാനാകുമായിരുന്നു.

പച്ചിലയും പച്ചമഞ്ഞളും ചേർത്തരച്ച് ഓരോ നാടിന്റെയും ആരോഗ്യം കാത്ത നാട്ടുവൈദ്യൻമാരെക്കുറിച്ച് പറയാതെ വയ്യ. ഏത്രോഗത്തിനും തിരിഞ്ഞു കടിക്കാത്ത മരുന്ന് പൊതികൾ ഇവരുടെയടുക്കലുണ്ടാക്കും. ഏത് പാതിരാത്രിയും കയറിച്ചെല്ലാവുന്നത്ര സ്തുര്യമായിരുന്നു ഇവരുടെ വൈദ്യമനസ്സുകൾ....

ജീവിതമൊരു ഓട്ടപ്പന്തയമായപ്പോൾ നമുക്ക് നാട്ടിൻ പുറങ്ങളില്ലാതായി. ജീവിതനിലവാരത്തിന്റെ വളർച്ച നാം പുതിയ ലിപിയിൽ രേഖപ്പെടുത്താനാരംഭിച്ചപ്പോൾ നഗരം ഗ്രാമത്തെ വളഞ്ഞു. നാട്ടിൻപുറത്തെ ചെമ്മൺപാതകളെ ഞെരിച്ചമർത്തി നഗരത്തിന്റെ കറുത്ത വഴികൾ നമ്മെ കീഴടക്കാനെത്തി. നിലാവൊഴുകിയ ഗ്രാമീണ വഴികളിൽ നഗരത്തിന്റെ ഇരുട്ടുള്ള വെളിച്ചം പരന്നപ്പോൾ നാം തമ്മിൽ കാണാതായി. മനസ്സിന്റെ ജാലകങ്ങൾ കൂടെ കൊട്ടിയടപ്പതോടെ നാം നമ്മുടെ കുടുകളിൽ തീർത്തും ഒറ്റപ്പെട്ടു. കടൽ കടന്നെത്തിയ ചാനൽ പരുന്തുകൾ നമ്മുടെ തലച്ചോറിൽ കൂടൊരുക്കി. അങ്ങനെ നാം നമ്മുടെ തലച്ചോറ് തൊട്ടടുത്ത ബാങ്ക്ലോക്കറിൽ പണയം വെച്ചു.

വയൽ വരമ്പിലെ കർഷകന്റെ തലയിൽ നിന്ന് തൊപ്പിക്കുട കൊത്തിയെടുത്ത പരുന്തുകൾ പകരം ഒരു ഡിഷ് ആന്റിന ഫിറ്റ്ചെയ്തു, പിന്നെയെല്ലാം എളുപ്പ വയലുകൾ നമുക്കില്ലാതായി.. പകരം കോൺക്രീറ്റ് കാടുകൾ രാസവളമിട്ട് വളർത്തി ജാക്സനും, റിക്കിമാർട്ടിനും വനവാസത്തിനെത്തിയപ്പോൾ വേദങ്ങളും, മന്ത്രങ്ങളു കേൾക്കാതായി. പകരം ആംഗലേയത്തിന്റെ ഉന്മാദ താളം നിറഞ്ഞു നിന്നു. ഞാനു എന്റെ പങ്കാളിയും, പിന്നെ ടെലിവിഷനും എന്ന നിലയിലേക്ക് നമ്മുടെ ഹൃദയ മുറി ചെറുതായിവന്നു. ചാനൽ വിരുന്നുകളിലെ മയക്കുസദ്യ. നമ്മുടെ ജീവി സമവാക്യളാകെ മാറ്റിയിട്ടുണ്ട്. നാം ആരുടേയും വാഗ്ദാനങ്ങളിൽ വീണ് തമ്മി അസൂയപ്പെട്ട മത്സരിച്ചു ജീവിക്കുകയാണ്. നാട്ടിൻപുറത്തെ വായനശാലയും ചാ മക്കാനിയും മണ്ണടിത്തിട്ട് കാലമെത്രയായി... സകല വിജ്ഞാനങ്ങളും ക്യാപ്സ്യൂളുകളായി ലഭിക്കുമ്പോൾ ഇതൊക്കെ അധികപ്പറ്റല്ലേ എന്ന് നാം പരസപ്പരം ചോ ക്കുന്നു.


പാർപ്പിടത്തിലും വസ്ത്രധാരണത്തിലും നാം നമ്മെ ഉൾക്കൊണ്ട ഒരു കാലമുണ്ടായിരുന്നു. പ്രകൃതിയോടും, കാലാവസ്ഥയോടും ഏറ്റവുമിണങ്ങുന്ന വീടുകളായിരുന്നു. നമുക്കുണ്ടായിരുന്നത്. പൂജാമുറിയും തെക്കിനിയും, നടുത്തളവും, വെപ്പുപുരയും, അഞ്ചാംപുരയും പഴയ വീടുകൾക്ക് സവിശേഷ ഭാവം പകർന്നു, നമ്മുടെ കാലാവസ്ഥയോടൊരിക്കലും ഇണങ്ങാത്ത കോൺക്രീറ്റ് സംസ്കാരം വന്നതോടെ ചിത്രമാകെ മാറി. ഇപ്പോൾ വീടെടുക്കുന്നതിന് മുമ്പ് വീടിനുചുറ്റും രണ്ടാൾപൊക്കത്തിൽ ഒരുകരിങ്കൽ മതിൽ പണിയുന്നു. ബന്ധങ്ങളൊക്കെ ലേലം വിളിച്ചെടുക്കാൻ കഴിയുമ്പോൾ പിന്നെ അയൽപക്കബന്ധത്തിന് വെറുതെ സമയ കളയേണ്ടതില്ലല്ലോ.




ചാണകം ഒഴികിയ വീട്ടുമുറ്റത്ത് തെങ്ങും, നാട്ടുമാവും, നട്ടുവളർത്തിയത് പഴയ കഥ. ഇറക്കുമതിചെയ്ത ഉരുള്ളൻ കല്ലുകൾക്കിടയിൽ വളരുന്ന ബോൺസായ് മരങ്ങൾ നമ്മുടെ വീട്ടുമുറ്റം കീഴടക്കിയിരിക്കണം. ചെമ്പരത്തിക്കും, തെച്ചിക്കും പകരം ഓർക്കിഡ് മേള........... വീടിന്റെ അകത്തളത്തിൽ നമുക്കാദ്യം നഷ്ടമായത് നമ്മുടെ പൂജാമുറിയാണ്. ഐ.എസ്.ഐ മുദ്രയുള്ള ടെലിവിഷൻ സെറ്റാണ് പുതിയ മലയാളിയുടെ പൂജാരി. നേർച്ചയും വഴിപാടും പരസ്യക്കമ്പനികൾക്ക്. പിന്നെ നഷ്ടമായത് നമ്മുടെ അടുക്കളകളാണ്. നാട്ടറിവിന്റെ പാചക രുചി നമ്മുടെ നാവിന് അരോചകമാണിന്ന്. കുത്തക കമ്പനികളുടെ പാചക വിദ്യക്കനുസരിച്ചാണ് നമ്മുടെ അടുക്കളയിലെ മെനു തയ്യാറാക്കപ്പെടുന്നത്. പാൽ വിറ്റ് നാം പാൽപൊടി വാങ്ങിക്കഴിക്കുന്നു. കരിക്ക് വിറ്റ് നാം കോള കുടിക്കുന്നു. സ്വന്തമായുള്ളതെല്ലാം വീതിച്ചു നൽകി നാം ഭക്ഷണം കഴിച്ച് രോഗികളാവുകയാണ്.

നമ്മുടെ വീട്ടിലെ കുട്ടികളിലേക്ക് നോക്കുക. അവർ നമ്മുടെ മക്കൾ തന്നെയാണോ? ആണെന്നായിരിക്കും നമ്മുടെ വാദം. എന്നാൽ തീർത്തു പറയട്ടെ അവർ ടെലിവിഷൻ പോറ്റുന്ന മക്കളാണ്. അവരുടെ കണ്ണുകൾ നമ്മെ പേടിപ്പെടുത്തുന്നു. അവരുടെ നാവുകൾ നമുക്കറിയാത്ത ഭാഷയിൽ നമ്മോട് സംസാരിക്കുന്നു അവരുടെ ആഴങ്ങളിൽ നമ്മുടേതല്ലാ–ത്തൊരു കടൽ ആർത്തിരമ്പുന്നു. പുഴയും നിലാവും ഇവർ അന്യമാണ്. മണ്ണപ്പമുണ്ടാക്കാനും, ചെളിയിൽ കുളിക്കാനും ഇവർക്ക് മടിയാണ്. മുലപ്പാലിനൊപ്പം മലയാളവും ഉള്ളിലെത്തുമോ എന്ന പേടിയിൽവരെ ചെറുപ്പത്തിലെ സ്വന്തം പേരുപോലും മലയാളത്തിലെഴുതാനുറിയാത്തതിൽ നാമവരെക്കുറിച്ച് അഭിമാനിക്കുന്നുമുണ്ട്.

ക





**കാമ്പസും കേരളീയതയും**

മോഷ്ടിക്കപ്പെട്ട തലമുറ (Stolen Generation) എന്നത് സാമൂഹ്യശാസ്ത്രത്തിലെ ഒരു സംജ്ഞയാണ്. ഒരു തലമുറ സ്വന്തം വേരുളും, കൂടകളുംപിഴുതെറിഞ്ഞ് വാടകചില്ലയിൽ കൂടുകെട്ടുമ്പോഴാണിത് സംഭിവിക്കുന്നത്. നമ്മുടെ കലാലയങ്ങളിൽ വളരുന്ന പുതിയ തലമുറ മേൽപറഞ്ഞ വിശേഷണത്തിൽ നിന്ന് മുക്തരാണോ.?

ഈയടുത്തൊരു പത്രവാർത്ത കണ്ടു. കേരളത്തിലെ പ്രശസ്തമായൊരു സർവ്വകലാശാലയിൽ മലയാളം ബുരുദാനന്തര ബിരുദത്തിന് സീറ്റുകൾ ബാക്കിയുണ്ടത്രെ! അധ്യായന വർഷം പാതിപിന്നിട്ടതിനുശേഷമാണിതെന്ന വസ്തുത കുറെ സത്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. മാതൃഭാഷ പഠിക്കുന്നത് അപമാനമായി കാണുന്ന സമൂഹം ലോകത്ത് വേറെയേതണ്ട്?.

കേട്ടറിഞ്ഞ കലാലയാന്തരീക്ഷങ്ങളിൽ നിന്നും ഏറെ വിഭിന്നമാണ് പുതിയ കാമ്പസ്സുകൾ. അർത്ഥത്തവത്തായ രാഷ്ട്രീയവും മനമറിഞ്ഞ പ്രണയങ്ങളും, ഗൗരവമുള്ള ചർച്ചകളും പടിയിറങ്ങി. പകരം കയറിവന്നത് ക്രിക്കറ്റും, ജോലിയടിക്കലും, അരാഷ്ട്രീയവാദവുമാണ്.

സ്വന്തമായൊരു നിലപാടു തറയില്ലാത്ത നവതലമുറയെ ആർക്കും എങ്ങോട്ടും തെളിക്കാം. ക്രിക്കറ്റും വാലന്റൈൻസ് ഡേ''യും കേമമായി ആഘോഷിക്കപ്പെടുന്നു.

മുണ്ടുടുത്ത് വരുന്നവൻ കാമ്പസിൽ ഒരു 'ബുജി'' ( ബുദ്ധിജീവി എന്നതിന്റെ ചുരുക്കം)യായി പരിഹസിക്കപ്പെടുന്നു. തെരഞ്ഞെടുപ്പ് കാലത്ത് മുണ്ടുടുക്കുന്നത്, പക്ഷെ, കാമ്പസ് എന്ത്കൊണ്ടോ നല്ലതായി കരുത്തുന്നു.

കൂട്ടുകാരിയുടെ വീട്ടിൽ പോകൽ കാമ്പസിന്റെ പതിവുശൈലികളിലൊന്നായിരുന്നു. പരസ്വരമറിഞ്ഞും, പങ്കുവെച്ചും പഴയകാമ്പസുകൾക്കുള്ളിൽ നിന്ന് ഒരു തലമുറരുപംകൊണ്ട്. പരസ്പരം അകന്നും ഓടിയൊളിച്ചും ഇന്നത്തെ കാമ്പസിലും ഒരു തലമുറ വളരുന്നുണ്ട്. നമ്മുടേതല്ലെന്നുമാത്രം.



കുഞ്ഞഹമ്മദ്

ഒന്നാം വർഷം ബി.എ. ഇംഗ്ലീഷ്

# മലയാൺമയുടെ മരണം

**അ**യാൾ അസ്വസ്ഥനായിരുന്നു. ക്ഷീണത്തിന്റെ ആധിക്യമുണ്ടായിട്ടും ഉറക്കം വരുന്നില്ല മനസ്സ് നിറയേ കടലുണ്ടി പുഴയോരമായിരുന്നു......

അപ്രതീക്ഷിതമായി വന്ന അപകടം, ആർത്തനാദങ്ങൾ..... പൊലിഞ്ഞുപോയ മനുഷ്യജീവനുകൾ.... അംഗം വിച്ഛേദിക്കപ്പെട്ട ശരീരങ്ങൾ, രക്ഷാ പ്രവർത്തനങ്ങൾ, നിസ്വാർത്ഥ സേവകന്മാർ... ഇവകൾക്കിടയിലും മനസ്സിൽ ഉടക്കി നിന്ന ചിത്രം കോർത്തുപിടിച്ചു നിൽക്കുന്ന രണ്ട് കൈകൾ......... പച്ചജീവനോടെ രണ്ട് ശരീരങ്ങളിൽ നിന്ന് അടർന്നുവീണ കൈകകൾ.... മരണ വെപ്രാളത്തിലും മരിക്കാത്ത മനുഷ്യസ്നേഹത്തിന്റെ ജീവൽ പ്രതീകങ്ങൾ...

നൂറ്റാണ്ടുകളായി കേരളീയന്റെ സംസ്കൃതിയിൽ വിലയം പ്രാപിച്ച സാഹോദര്യത്തിന്റെ സഹിഷ്ണുതയുടെ, സ്നേഹത്തിന്റെ സുഗന്ധദായകമായ സാന്നിധ്യമാണോ ആ കൈകൾ...?!

അയാൾ ചിന്താകുലനായി.

ഓലമേഞ്ഞ സ്ക്കൂളും ഇടുങ്ങിയ മുറിയും അയാൾക്ക് ഓർമ്മ വന്നു. ഐതിഹ്യങ്ങളുടെ കലവറയായ മാമലനാടിനേക്കുറിച്ച് സാറെടുത്ത ക്ലാസ്സ് :


അന്നൊരു തിങ്കളാഴ്ചയായിരുന്നു. സാറ് പതുക്കെ കഥാരൂപേണയുള്ള ക്ലാസ്സിലേക്ക് കടന്നു.

''ദൂരെ, വളരെ ദൂരെ ഒരു നാടുണ്ടായിരുന്നു. അവിടുത്തെ ജനങ്ങൾ വളരെ സൗഹൃദത്തിലായിരുന്നു കഴിഞ്ഞ് കൂടിയത്. ഐതിഹ്യങ്ങളും നാട്ടുനടപ്പുകളും കൊണ്ട് സമ്പുഷ്ടമായിരുന്നു അവിടം. കൃഷിയുടെ പൂങ്കാവനമായിരുന്നു വിശാലമായ വയലുകൾ... പ്രകൃതി കനിഞ്ഞു നൽകിയ രൂപഭംഗി, പച്ചപിടിച്ചു നിൽക്കുന്ന ഞാറുകൾ.ഞാറ്റിപ്പാട്ടുകളുടെ അകമ്പടിയോടെ അവ പിഴുതുനടുന്ന ഒരു പറ്റം സ്ത്രീകൾ. ചെളിപുരണ്ട ബനിയനും, കയറ്റി കുത്തിയ മുണ്ടുമുടുത്ത് അവരെ നിയന്ത്രിക്കുന്ന പുരുഷന്മാർ. കാളകളെ ഉപയോഗിച്ച് നിലം ഉഴുത് മറിക്കുന്നു. ആ നാട്ടിലേ പ്രധാനകൃഷി തെങ്ങായിരുന്നു കേരമായിരുന്നു അവരുടെ ജീവൻ.... കശുവണ്ടിയും അടക്കയും കുരുമുളകും അവരെ സമ്പന്നമാക്കി.

ആടുകളും പശുക്കളും മിക്കവീടുകളിലുമുണ്ട്. അതിരാവിലെ പാൽപാത്രവുമായി റോഡിലൂടെ മന്ദംമന്ദം നടന്നു നീങ്ങുന്നവരെ കാണാൻ ബഹുരസമാണ്.

ശാന്തമായി ഒഴുകുന്ന പുഴകൾ.......... അതിൽ കുളിച്ചുല്ലസിക്കുന്ന പിള്ളേർ.... അവരെ ശാസിക്കുന്ന അമ്മമാർ ഓല മേഞ്ഞ വീടുകൾ...അവിടുത്തെ പ്രധാന ഉത്സവങ്ങളായിരുന്നു ഓണവും വിഷുവും മാവേലിത്തമ്പുരാന്റെ സ്മരണകൾ പുതുക്കുന്ന ഓണനാളുകളിൽ പൂവിടൽ ഗംഭീരമായി നടക്കുന്നു. ഓണപ്പൂക്കൾ വിലകൊടുത്ത് വാങ്ങേണ്ടി വന്നിട്ടില്ല.

നാടൻകളികളും കലകളും ഗംഭീരമായി നടക്കുന്നു കഥകളിയും കണ്ണുപൊത്തിക്കളിയും ദിവസംതോറും അരങ്ങേറുന്നു. മാപ്പിളപ്പാട്ടിന്റെ മന്ദമാരുതൻ എല്ലാവീട്ടിലും വീശിയടിക്കുന്നു. നാടോടിപ്പാട്ടുകാരും കുഴലൂത്തുകാരും സജീവമാവുന്നു.



പച്ചകൃഷിത്തോട്ടത്തിലേക്ക് തോട്ടിയും കൈക്കോട്ടും ചുമന്ന് പോകുന്ന ചെറുപ്പക്കാർ.... വാഴതൈകളും വള്ളിത്തലകളും അവരുടെ കൈവശമുണ്ടായിരുന്നു.

മുണ്ടും പാവാടയും അണിഞ്ഞ് 'കൊട്ടയും സഞ്ചിയും' ചുമന്ന് പള്ളിക്കൂട്ടത്തിലേക്ക് നടന്നുപോകുന്ന കുട്ടികൾ... ചിമ്മിണിപ്പുക സഹിച്ചും പഠിച്ച് കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ..... വേലുത്തമ്പിദളവയുടെ, ആലിമുസ്ല്യാരുടെ, കുഞ്ഞാലിമരക്കാരുടെ...ധീരമായ പാഠങ്ങളിൽ അഭിമാനിക്കുന്നവർ. വിദേശമേൽക്കോയ്മക്കെതിരെ സമരം ചെയ്തവരെ ആദരിക്കുന്നവർ..... സാക്ഷരത കൈവരിച്ചുകൊണ്ടിരിക്കുന്ന ദേശം..... സംസ്കാരസമ്പന്നമായ നാട്, പരദേശികൾ അഭിമാനത്തോടെ വീക്ഷിക്കുന്നു.......

പായവിരിപ്പിൽ കിടന്നിട്ടും പുലർച്ചേ എഴുന്നേറ്റ് മത-ഭക്തി പ്രകടിപ്പിക്കുന്നവർ .... മതസ്ഥാപനങ്ങളെ പരസ്പര ബഹുമാനപൂർവ്വം വീക്ഷിക്കുന്നവർ...... വിഭവങ്ങളും മറ്റും അയൽക്കാർക്കും സുഹൃത്തുക്കൾക്കും സമർപ്പിക്കുന്നവർ.... സംശയിക്കപ്പെടാത്ത ആത്മാർത്ഥതയും അധ്വാനശീലവും....

ഇതിനേക്കാളുപരി അവർ 'സഹജീവി സ്നേഹി' കളായിരുന്നു.

ഇത്രയുമായപ്പോഴേക്കും ക്ലാസ്സിൽ നിന്നും സംശയമുയർന്നു.

"'സാർ, ഇത് കേരളമല്ലേ.........?"

സാറ് തിരിച്ച് മറുചോദ്യമുന്നയിച്ചു. "ഇത് കേരളമാണോ.........?"

ആന്തരിക അർത്ഥത്തോടെയുള്ള സാറിന്റെ ചോദ്യം ഞങ്ങളെ വ്യാകുലരാക്കി. അയാൾ ഞെട്ടിയെഴുന്നേറ്റു.

ആ സഹജീവി സ്നേഹമാണോ പുഴയോരത്ത് കണ്ടത്?..... പണ്ടെങ്ങോ വായിച്ച ലേഖനത്തിന്റെ വരികൾ അയാൾക്ക് ഓർമ്മവന്നു. അമേരിക്കയിലെ പ്രശസ്തമായ നാഷണൽ ജിയോഗ്രഫിക്കൽ മാഗസിനിൽ വർഷങ്ങൾക്കുമുമ്പ് കേരളത്തെക്കുറിച്ചു വന്ന എട്ടുപേജുള്ള ഫീച്ചറിൽ പീറ്റർമില്ലർ കുറിച്ചിട്ട വരികൾ.......

'ഭൂമിയിലെ അപൂർവ്വദേശം, ഉയർന്ന ജനസാന്ദ്രത, ഉയർന്ന പ്രായനിരക്ക്, പൂജ്യത്തോട് അടുത്തുനിൽക്കുന്ന ശിശുമരണനിരക്ക്, സ്ത്രീകളെല്ലാം വിദ്യാസമ്പന്നർ, 600 കി.മീറ്ററിനിടയിൽ 40 ദിനപത്രങ്ങൾ, ഉയർന്ന ആളോഹരിവരുമാനം, സാക്ഷരത, ആരോഗ്യനിലവാരം'

മില്ലർ തറപ്പിച്ചു പറഞ്ഞു ''ഇതു ഭൂമിയിലെ അപൂർവ്വ ദേശം. ഇപ്പോൾ അയാളുടെ മനസ്സിൽ കേരളത്തിന്റെ സമ്പൂർണ്ണചിത്രമായിരുന്നു.


പെട്ടെന്ന് അയാൾ തിരിഞ്ഞുനോക്കി. അപ്പോൾ കുറേപേർ ആ ചിത്രത്തിനടുത്തേക്ക് ഓടിയടുക്കുന്നതായി അയാൾക്ക് തോന്നി.... കഠാരിയും ബോംബും കൈവശം വെച്ചവർ, കരുണയും, ധർമ്മവുമെന്തെന്നറിയാത്തവർ, പാശ്ചാത്യ സംസ്കാരത്താൽ ആഭരണം അണയിക്കപ്പെട്ടവർ അവരാ ചിത്രത്തെ കളങ്കപ്പെടുത്തും..... അയാൾക്കവരെ തടയാനുള്ള കെൽപില്ല. ഈ ചിത്രം ഓർമ്മയിലെങ്കിലുമുണ്ടാവണമെന്ന് അയാൾ ചിന്തിച്ചു. അയാൾ പ്രശസ്ത ചിത്രകാരനായ എം. എഫ്. ഹുസൈന്റെ നമ്പർ കറക്കി.

ആയാളപേക്ഷിച്ചു. ''ഈ ചിത്രമെങ്കിലും രക്ഷപ്പെടുത്തണം.'' അങ്ങനെ തെങ്ങിൻ ചുവട്ടിലിരിക്കുന്ന പെണ്ണിന്റെ കണ്ണിലൂടെ കേരളത്തിന്റെ സൗന്ദര്യത്തെ നോക്കിക്കാണാനായി ചിത്രകാരൻ കേരളത്തിലെത്തി...!

നഷ്ടപ്പെടുന്ന പ്രതാപത്തെ, തനിമയെ ചിത്രീകരിക്കാൻ.... !!!

എന്നിട്ടും അയാളുടെ ചിന്തയിലൊരു വൃഥാവിലാപം.

''ശീതികരിച്ച മുറിയിലിരുന്ന് മൊബൈൽ ഫോൺ ശ്രദ്ധിക്കുന്നവന് പകരം ചെളിപുരണ്ട ബനിയനും കയറ്റിക്കുത്തിയ മുണ്ടുമിട്ട് വയലിന്റെ നടുവിൽ



മൊബൈൽ ശ്രദ്ധിക്കുന്നവൻ വന്നാൽ.... !!!

''പാരഡി ഗാനങ്ങൾക്ക് പകരം നാടൻപാട്ടുകൾ ഫേഷനായാൽ..... !!! കൃത്രിമ ഭക്ഷണങ്ങൾക്ക് പകരം സാമ്പാറും ചമ്മന്തിയും ചോറും പ്രഥമനും വിളമ്പിയാൽ.... !!!

!! അതിരാവിലെ പാൽപാത്രവുമായി അമ്മമാരും , കുട്ടികളും നടന്ന് പോകുന്നത് കണ്ടാൽ......!!

ഭവനത്തിന്റെ വിസ്തൃതിക്ക് വേണ്ടി വയലുകൾ കോൺക്രീറ്റ് ചെയ്തില്ലെങ്കിൽ.... !! മത-ജാതി വികാരങ്ങൾ അന്യന്റെ നെഞ്ചിലേക്ക് കുത്തിയിറക്കിയില്ലെങ്കിൽ..... !!

ബന്ധങ്ങളെ ഇല്ലാതാക്കുന്ന ഉപഭോഗസംസ്കാരം അവരെ കാർന്നുതിന്നില്ലെങ്കിൽ... !!

കടലുണ്ടി പുഴയോരത്തെ മനുഷ്യസ്നേഹം പ്രാവർത്തികമായാൽ .... !!!

'കേരളം' മടങ്ങിവരുമായിരുന്നു.... !!

മഴയും പ്രതീക്ഷിച്ച് നിൽക്കുന്ന വേഴാമ്പലിനെപ്പോലെ അയാൾ കാത്തുനിന്നു..... !!

□

ഭക്ഷണം കഴിച്ചതിന്റെ ആലസ്യം മാറ്റാൻ അയാൾ പതുക്കെ എഴുന്നേറ്റു; അടുത്തുള്ള ആൽമരത്തിന്റെ ചുവട്ടിലിരിക്കാൻ, പ്രകൃതിയുടെ രമണീയത ആസ്വദിക്കാൻ, ദൂരെനിന്നും പുസ്തകസഞ്ചിയുമായി നടന്നുവരുന്ന കുട്ടിയെ അയാൾ ശ്രദ്ധിച്ചു. അടുത്തെത്തിയപ്പോൾ കുട്ടി സഞ്ചിയിൽ നിന്നും ഒരു പുസ്തകം പുറത്തെടുത്തു. തുറന്നു പിടിച്ച പുസ്തകവുമായി അവൻ അയാളുടെ അടുത്തെത്തി. ''സാർ, ഈ കണക്കൊന്ന് പറഞ്ഞുതരുമോ?'' കുട്ടി ചോദിച്ചു. തുറന്നുപിടിച്ച പുസ്തകത്തിലേക്കയാൾ നോക്കിനിന്നു. അയാളിലെ ഭാവമാറ്റം കുട്ടി ശ്രദ്ധിച്ചു. പൊഴിഞ്ഞുവീഴുന്ന കണ്ണീർ തുള്ളികളാൽ പുസ്തകം നനയാൻ തുടങ്ങി. പതിഞ്ഞസ്വരത്തിൽ അയാൾ പറഞ്ഞു. ''കുട്ടി; എനിക്ക് വായിക്കാനറി

യില്ല.....!!'' കുട്ടി പുസ്തക സഞ്ചിയുമായി വീട്ടിലേക്ക്.... എങ്കിലും അയാളുടെ ദുഃഖം പ്രതിജ്ഞയായി രൂപാന്തരപ്പെട്ടു. അയാൾ കുട്ടിയുടെ വീട്ടിൽ നിന്നും പാഠങ്ങൾ പഠിക്കാൻ തുടങ്ങി. അക്ഷരങ്ങളേ സംയോജിപ്പ് അയാളാദ്യമായി വായിച്ചു 'മാൻ' അങ്ങനെ അക്ഷരങ്ങുടെ അമൃതിയിലേക്ക് അയാൾ കാലെടുത്തു വെച്ചു.

അക്ഷരങ്ങളെ കാവ്യഭംഗിയായി പ്രതിഫലിപ്പിച്ച വി.ടി.ഭട്ടതിരിപ്പാടായിരുന്നു അത്,

'മലയാളി; അനുഭവമാണവനെ പഠിപ്പിച്ചത്...'

□

വിവാഹത്തിന്റെ സുദിനം.... സകലതയ്യാറെടുപ്പുകളും നടന്നു കഴിഞ്ഞു. ആരുടെയോ നാവിൽ നിന്നും ഉയർന്നുവന്ന വാക്കുകൾ അയാൾ ശ്രദ്ധിച്ചു. ''പറങ്കികൾ അക്രമം തുടരുകയാണ്. അവർ സ്ത്രീകളെ അപമാനിക്കാൻ തുടങ്ങിയിരിക്കുന്നു.'' അത് സഹിക്കാൻ മാത്രം കെൽപ്പ് കുഞ്ഞാലിമരക്കാർക്കില്ലായിരുന്നു. വിവാഹവസ്ത്രങ്ങൾക്ക് പകരം പടയങ്കിയണിഞ്ഞ് പറങ്കി മലയാളത്തിലേക്ക്......... അവിടെ പൊരുതിമരിച്ചു.

മലയാളിക്ക് അഭിമാനമാണെന്തിനേക്കാളും വലുത്......'

□

ഒരു ജാതി, ഒരു മതം, ഒരുദൈവ' അദ്വൈത സിദ്ധാന്തത്തിന്റെ പ്രകമ്പന ചരിതം ശ്രീനാരായണഗുരു ക്ലാസ്സിലെ സാറിന് മതസൗഹാർദ്ദം പഠിപ്പിച്ച സ്വാമിനിത്യചൈതന്യയതി'

'മലയാളി; മതസൗഹാർദ്ദമാണവന്റെ മനക്കരുത്ത്........!'


□

ചിറകുകൾ തളർന്നു തുടങ്ങിയ ഗാനങ്ങൾ അപാകതയെ അളക്കാനുള്ള ഉദ്യമങ്ങൾ : 1996 നവംബർ 19ന് ദില്ലിയിൽ നടന്ന ഐതിഹാസികചടങ്ങിൽ വെച്ച് ജി.ശങ്കരക്കുറുപ്പ് പ്രഥമ ജ്ഞാനപീഠം അവാർഡ് ഏറ്റുവാങ്ങി.'

'മലയാളി; സാഹിത്യമാണവന്റെ കുലത്തൊഴിൽ....'

□

അയാൾ ചിന്താകുലനായി: താനെഴുതുന്നതൊന്നും പ്രസിദ്ധീകരിക്കപ്പെടുന്നില്ല. ആശ കൈവിടാതെ ഒരു ദിവസം പത്രമാഫീസിലേക്ക് കയറിച്ചെന്നു. അപ്പോഴാണ് എഴുത്തിന്റെ വശ്യതകുറവ് കാരണം ഒരു ഭാഗത്തേക്ക് നീക്കപ്പെട്ട ഒരു കെട്ട് ലേഖനങ്ങൾ പത്രാധിപർ ശ്രദ്ധിച്ചത്. അവരതെടുത്ത് വായിക്കാൻ തുടങ്ങി. അതിലെ ഓരോ വരിയും അവരെ അത്ഭുതപ്പെടുത്തി. അത്രയ്ക്ക് അർത്ഥസമ്പൂർണ്ണമായിരുന്നു ആ വരികൾ.'



പ്രോജ്ജ്വല വാഗ്മിയും മികവുറ്റ പൊതുപ്രവർത്തകാരനായിരുന്ന സി.എച്ച് മുഹമ്മദ് കോയയായിരുന്നു അത്.

'മലയാളി; ഊർജ്ജ്വസ്വലതയാണവനെ പ്രതിഭയാക്കിയത്.....'

'ഒരു സുപ്രഭാതത്തിൽ വൈകല്യത്തിന്റെ ലക്ഷണം അവളെ പിടികൂടി. കാലുകൾക്ക് ശക്തി നഷ്ടപ്പെടുന്നതായി തോന്നി. പഠിക്കേണ്ട കുട്ടിക്കാലം അവളുടെ മേൽ ഇരുൾമൂടി. ''അത്യാവശ്യം വായിക്കാനും എഴുതാനും പഠിച്ചില്ലേ, ഇനി മതി–'' വീട്ടിൽ നിന്നുള്ള ഭാഷ്യം, റാബിഅ കരഞ്ഞു കണ്ണ് കലങ്ങുവോളം.... ഊണും ഉറക്കവുമില്ലാതെ.... ഒടുവിൽ വീട്ടുകാർ സമ്മതിക്കേണ്ടിവന്നു. സൈക്കിളിന്റെ പിന്നിലിരുന്ന് സ്ക്കൂളിൽ പോവാൻ.......

വിദ്യാഭ്യാസ സാമൂഹ്യരംഗത്തെ പ്രവർത്തനങ്ങൾക്ക് ദേശീയ അവാർഡ് തേടിയെത്തിയ കെ.വി. റാബിഅയുടെ കുട്ടിക്കാലമായിരുന്നു ഇത്.

'അതേ, മലയാളിയേ മനോവീര്യമാണ് വളർത്തിയത്.–'

□

പക്ഷെ....? !

ഇന്നിന്റെ മലയാളി സമുദ്രത്തിന്റെ നടുവിൽ നിന്നും ദാഹജലത്തിന് വേണ്ടി കേഴുന്നവനേപ്പോലെയാണ്. അവന് ചുറ്റും അവൻ തന്നെ തീർത്ത മാലിന്യങ്ങളാണ്. കലർപ്പില്ലാത്തതൊന്നും അവന് കാണാനാവുന്നില്ല. 'ഒരിറ്റു കുടിനീരിനുവേണ്ടി' അവൻ അട്ടഹസിക്കുന്നു....

അവനെ സ്വാന്തനിപ്പിക്കാൻ ആരും വരുന്നില്ല....

അവൻ മദ്യക്കുപ്പികൾക്ക് നേരെ കൈ നീട്ടി........


ഇല്ല അതിലും അവൻ മനസ്സമാധാനം കണ്ടില്ല.

ഒടുവിൽ.....!

ആത്മാഹത്യയേക്കുറിച്ചവൻ ചിന്തിച്ചു.....

'മലയാളി മരിക്കുകയാണ്....

എന്നെന്നേക്കുമായി...




കേരളീയം

പ്രൊഫ. കെ.വി. ബാലൻ

*മലയാളം വിഭാഗം*

# മണാട്ടിത്തവളയും ഗൃഹാതുരതയും



കണ്ണൂർ ജില്ലയിൽ സാർവ്വത്രികമായി കണ്ടുവരുന്ന ഒരിനം തവളയാണ് മണാട്ടിത്തവള. കോഴിക്കോട്ടും ഫറോക്കിലും ഈ തവളയെ ഞാൻ കണ്ടില്ല. അന്വേഷിച്ചപ്പോൾ തെക്കൻ ജില്ലകളിലും ഈ തവള കാണപ്പെടുന്നില്ലെന്ന് മനസ്സിലായി. മെലിഞ്ഞ് നീണ്ട് ഉള്ളോട്ട് അല്പം കുനിഞ്ഞ രൂപം. പുറം ഇളം ചുകപ്പുനിറം. വയർഭാഗം ക്രീം കളറാണ്. കാലുകൾ തവിട്ടുനിറം കലർന്ന കറുപ്പാണ്. എന്റെ ചങ്ങാതി ലാലിന്റെ മകൾ അനഘ പറഞ്ഞവിവരണം ഇവിടെ പ്രസക്തമാണ്. മണാട്ടിത്തവള സായിപ്പിന്റെ കൂടെ വന്നതാകണമെന്നാണ് അനഘയുടെ നിഗമനം. അതാണ് കറുത്ത ടൈറ്റ് പാന്റ്സും വെളുത്ത ടൈയും ക്രീം കളർ ഷർട്ടും മെറൂൺ ഓവർകോട്ടും കാണപ്പെടാൻ കാരണം.

ഈ തവള പകലൊക്കെ വീടിന്റെ ഇരുണ്ട ഭാഗങ്ങളിൽ ഒളിച്ചിരിക്കും. സന്ധ്യയാകുന്നതോടെ പുറത്തേക്കു യാത്രയാകും. മഴക്കാലത്ത് രാത്രിമുഴുവൻ പറമ്പിൽ നിന്ന് ഇവരുടെ ഓർക്കസ്ട്ര കേൾക്കാം. പുലരുന്നതോടെ അവർ തിരിച്ചെത്തും. വാതിൽ തുറക്കുന്നതും കാത്ത് പടിയിൽ ഇരിപ്പാകും. വീട്ടമ്മ എന്നും കണികാണുന്നത് ഇവരെത്തന്നെ. വീടുകളിൽ കട്ടിലും പത്തായവുമൊക്കെ വീട്ടിലെ മുതിർന്ന അംഗങ്ങൾക്കു മാത്രമേ ലഭ്യമായിരുന്നുള്ളൂ. 'അച്ഛൻ ചത്ത് കട്ടിലൊഴിയാൻ കാത്തിരിക്കുക' എന്ന ചൊല്ലുണ്ടാകുന്നത് ഈ പശ്ചാത്തലത്തിലാണ്. കുട്ടികളുടെ കിടപ്പൊക്കെ തറയിൽ വിരിച്ചിട്ടിരിക്കുന്ന പായകളിൽ. അതിനാൽ ഉറങ്ങിക്കിടക്കുന്ന കുട്ടികളുടെ ദേഹത്തുകയറിയിരിക്കുന്ന മണാട്ടികൾ പലപ്പോഴും നന്നേ വെളുപ്പാൻകാലത്ത് മൂത്രമൊഴിച്ച് അവരെ പുണ്യാഹം തളിക്കും. ഉറക്കം വിട്ടെഴുന്നേൽക്കാൻ മടികാട്ടുന്ന കുട്ടികൾ ഗത്യന്തരമില്ലാതെ എണീറ്റുപോകും. അങ്ങനെ എന്റെയും മുൻതലമുറകളുടേയും ഓർമ്മകളിൽ മണാട്ടി വീടിന്റെ ഒരു ഭാഗം തന്നെയായിരുന്നു. മറ്റു സസ്യജന്തുവർഗ്ഗങ്ങളെല്ലാം കണ്ണൂരിനു പുറത്തും കാണപ്പെടുമ്പോഴും മണാട്ടിത്തവള കണ്ണൂരിൽ മാത്രം ഒതുങ്ങിപ്പോയതെന്തേ? ആർക്കുമറിയില്ല.

ഇക്കൂട്ടർക്ക് ഈ പേരെങ്ങനെ കിട്ടി? പകലൊക്കെ അകത്ത് ഒളിഞ്ഞ് ഒതുങ്ങിക്കൂടുന്നതു കൊണ്ടോ? അതോ ചുകന്ന് മെലിഞ്ഞ് സുന്ദരിയായതു കൊണ്ടോ? രണ്ടായാലും വൈകുന്നേരം പടിയിറങ്ങിപ്പോകുന്നവരായതിനാൽ ഈ പേര് മണവാട്ടികൾക്ക് രുചിക്കുമെന്ന് തോന്നുന്നില്ല.

തവളകളെക്കുറിച്ച് പറയുമ്പോൾ എന്റെ മനസ്സ് അറിയാതെതന്നെ അക്കാലങ്ങളിലേക്ക് ഊളിയിടുന്നു. സന്ധ്യമയങ്ങുന്നതോടെ ഒന്നുംരണ്ടും പെട്രോമാക്സുകൾ അക്കാലത്ത് വയൽ വരമ്പുകളിലൂടെയും തോട്ടിൻ കരകളിലൂടെയും നീങ്ങിപ്പോകുന്നതു കണ്ടിട്ടുണ്ട്. അമ്പതുകളിലും അറുപതുകളിലുമാണ് ഇത് സംഭവിച്ചത്. തവളപിടുത്തക്കാരുടെ വരവാണ്. വലിയ വലിയ പോക്കൻ തവളകളെയാണ് അവർക്ക് വേണ്ടത്. പെട്രോമാക്സിന്റെ വെളിച്ചത്തിൽ അന്തിച്ചുനിൽക്കുന്ന തവളകളെ പിടിച്ച് ചാക്കിലിടും. എന്തിനാണ് ഇവർ തവളകളെ പിടിക്കുന്നതെന്ന് അന്നൊക്കെ അതിശയിക്കാറുണ്ട്. അമേരിക്കൻ സമ്പന്നരുടെ തീൻമേശയിലെ വിശിഷ്ടമായൊരു ആഹാരമാണ് തവ

ളകളെന്ന് അന്നെനിക്ക് അറിഞ്ഞുകൂടായിരുന്നു. മൂന്നാം ലോകരാഷ്ട്രങ്ങളിൽ നിന്ന് അമേരിക്ക തവളക്കാലുകൾ വാങ്ങിയത് കേവലം സ്വാദ് പ്രമാണിച്ചോ പോഷകമൂല്യംകൊണ്ടോ ആയിരുന്നില്ലെന്ന് ഇന്ന് ഞാൻ അറിയുന്നു. പോക്കൻ തവളകളെ ഒന്നൊഴിയാതെ കൊന്നൊടുക്കിയതിനു പിന്നിൽ നമ്മുടെ കൃഷിയുടെ താളം തെറ്റിക്കുക എന്ന ആസൂത്രിത ഗൂഢലക്ഷ്യമായിരുന്നുവെന്ന് ഇന്ന് നിങ്ങളും അംഗീകരിക്കും.

അന്നൊക്കെ നാടൻ നെൽവിത്തുകളാണ് കർഷകർ ഉപയോഗിച്ചിരുന്നത്. വലിയ മേനിയൊന്നും കിട്ടില്ല. എന്നാൽ പുഴുക്കോടും രോഗങ്ങളും അവയെ ബാധിക്കാറേ ഇല്ല. വല്ലപ്പോഴും നേരിയതോതിൽ കീടബാധ ഉണ്ടായെന്നുവരാം. എന്നാൽ കീടങ്ങൾ കണ്ടമാനം പെരുകാൻ പാടങ്ങളിലെ തവളകൾ അനുവദിച്ചിരുന്നില്ല. കീടങ്ങളെ നിയന്ത്രിച്ചിരുന്ന തവളകളെ ഉന്മൂലനം ചെയ്താൽ ഇന്ത്യൻ കൃഷിരംഗം അമേരിക്കൻ ചൂഷണത്തിന് നേരിട്ട് വിധേയമാക്കാം. നമ്മുടെ മഹാന്മാരായ ദേശാഭിമാനികൾക്കൊന്നും അന്ന് ഈ കെണി മനസ്സിലായി എന്നു തോന്നുന്നില്ല. I-R-8 ഉം കൾച്ചറും പോലുള്ള സങ്കരവിത്തുകളും രാസവളങ്ങളും വയലിൽ വൻതോതിൽ കീടബാധയ്ക്കിടവരുത്തി. കീടനിയന്ത്രണത്തിന് അമേരിക്കൻ കമ്പനികൾ കോടിക്കണക്കിനു വിലവരുന്ന കീടനാശിനികൾ ഇവിടെ വിറ്റഴിച്ചു. സ്പ്രേയറുകളിലൂടെ നമ്മുടെ നാട്ടിൽ കൊടുംവിഷം വാരിവിതറി. കീടബാധയിൽ നിന്ന് വിളവിനെ രക്ഷിക്കാൻ വിഷം തളിക്കുകയല്ലാതെ മറ്റൊരു മാർഗ്ഗവും കർഷകന്റെ മുന്നിലുണ്ടായിരുന്നില്ല. മുൻപിൽ നോക്കാതെയുള്ള ഈ വിഷപ്രയോഗമുണ്ടാക്കിയ പ്രശ്നങ്ങൾ ചെറുതല്ല. നമ്മുടെ പാടങ്ങളൊക്കെ വന്ധീകരിക്കപ്പെട്ടു. ശുദ്ധജലമാകെ വിഷമയമായി. എല്ലാ ജീവികൾക്കുള്ളിലും വിഷമെത്തി. എന്തിനേറേ? മുലപ്പാലിൽപോലും B.H.Cയും D.D.Tയും കടന്നുകൂടി. പണ്ടൊക്കെ പാടത്തിന്റെ കരയിൽ താമസിച്ചിരുന്ന ചില കുടുംബങ്ങളെങ്കിലും മീൻ വിലകൊടുത്തു വാങ്ങേണ്ടിവന്നിരുന്നില്ല. മഴക്കാലങ്ങളിൽ വരമ്പുകളിലെ കണ്ടികളിൽ ഒഴുക്കിന്നെതിരെ വൈകുന്നേരം വലയോ ഒറ്റാലോ വെച്ചാൽ രാവിലെ എടുത്തുനോക്കുമ്പോൾ അന്നത്തെ കറിക്കുള്ള മീൻ അതിലുണ്ടാകും. കയ്ച്ചൽ (വരാൻ) മുശു, കടു, കൊഞ്ച് തുടങ്ങിയ മീനുകൾ സ്വാദുള്ളവയായിരുന്നു.

കീടനാശിനി പ്രയോഗം വ്യാപകമായതോടെ വയലിൽ നിന്ന് ഇവയെല്ലാം അപ്രത്യക്ഷമായി. ഇപ്പോൾ വലയിൽ മീനൊന്നും കുടുങ്ങാറില്ലെന്നാണ് നാട്ടുകാർ പറയുന്നത്. ഒരു കാലത്ത് പാടങ്ങളിൽ സർവ്വസാധാരണമായി കണ്ടുവന്നിരുന്ന നയ്ച്ചിങ്ങ(ഞവുഞ്ഞി)യും ഇന്നുകാണപ്പെടുന്നില്ല. നയിച്ചിങ്ങ എന്ന പദവും ചിലപ്പോൾ നിങ്ങൾക്ക് അപരിചിതമായേക്കും. തോടുള്ള ഒരു പാവം ജീവി വായഭാഗത്ത് നിരപ്പലകപോലൊരു ഷട്ടറുണ്ട്. ആ ഷട്ടർ തുറന്നാണ് വായുടെ ഇരുവശങ്ങളിലുള്ള സ്പർശിനികൾ നീട്ടിക്കൊണ്ട് ഇവ വെള്ളത്തിലൂടെ സഞ്ചരിക്കുന്നത്. വയൽ വരമ്പിൽ മുട്ടകൾ കൂട്ടി ഒട്ടിച്ചുവെക്കും. അപായം ശങ്കിച്ചാൽ മുൻവശത്തുള്ള ഷട്ടർ അടച്ചുകളയും. കുറെ സമയം കഴിഞ്ഞാലേ വീണ്ടുമത് തുറക്കുകയുള്ളു.


നയ്ച്ചിങ്ങപോലെ സാർവത്രികമായിരുന്നു അന്ന് അട്ടകൾ. നീരട്ട ചെറിയ ജീവിയാണ്. രക്തം മണത്താൽ അടുത്തെത്തും. കാലിൽ കടിച്ചുചോര വലിച്ചെടുത്തു തുടങ്ങും. നേർത്തിരുന്ന അട്ട അപ്പോഴേക്കും വീർത്തു തുടങ്ങും. ആളിന്റേയും കാലികളുടേയും കാലിൽ അട്ടകടിക്കുന്നത് അക്കാലത്ത് പതിവായിരുന്നു. പെണ്ണുങ്ങൾ അട്ടയെ വിടുവിക്കാനായി മുറുക്കാൻ പൊതിയിൽ നിന്ന് ഇത്തിരി ചുണ്ണാമ്പെടുത്ത് കടിഭാഗത്ത് പുരട്ടും. ഉടൻ അട്ടപിടിവിടും. ആയുർവേദ വൈദ്യന്മാർ അക്കാലത്ത് കുരുവിന് അട്ടയെ കടിപ്പിക്കാറുണ്ടായിരുന്നു. വെള്ളം നനച്ചുകൊടുത്ത് കുരുവിന്റെ മീതെ അട്ടയെവിടും. അത് കുരുവിൽകടിച്ച് ചോരവലിച്ചെടുക്കുന്നതോടെ വിങ്ങൽ തീരും. ഞാൻ തന്നെ അട്ടയെപ്പിടിച്ച് ശുദ്ധജലത്തിൽ കുപ്പിയിൽ സൂക്ഷിച്ച് ആവശ്യക്കാർക്കെത്തിച്ചു കൊടുത്തിട്ടുണ്ട്. കീടനാശിനി പ്രയോഗം കാരണം ഇവയും പാടങ്ങളിൽ കുറ്റിയറ്റു.

തോട്ടിൻകരയിൽ രാത്രികാലങ്ങളിൽ നീർക്കോലികളും തവളകളും സുലഭമായിരുന്നു. ആരെങ്കിലും നടന്ന് അടുത്തെത്തുമ്പോൾ അവ വെള്ളത്തിലേക്ക് എടുത്തുചാടും. ഗ്രാമത്തിലെ രാത്രിയുടെ നിശബ്ദതയിൽ വെള്ളത്തിൽ വീഴുന്ന ഒച്ച വലുതായിത്തോന്നും. ആരോ വെള്ളത്തിൽ എടുത്താചാടിയ പ്രതീതി. അച്ഛനും മറ്റുള്ളവരുടെ അതിനെപ്പറ്റി പറഞ്ഞിരുന്നത് അത് അമ്പലാസി അമ്മയും മോളും വെള്ളത്തിലേക്ക് എടുത്തുചാടുന്നതാണ് എന്നായിരുന്നു. അതൊരു കഥയാണ്.

കുറെ മുൻപ് പറമ്പിലെ അമ്പലത്തിൽ അടിച്ചുതളിക്കാനും മാലകെട്ടാനുമായി ഒരമ്പലാസി അമ്മയും മോളും കടക്കാരായുണ്ടായിരുന്നുവത്രേ. അടുത്തുള്ള ഗ്രാമത്തിലാണ് അവരുടെ വീട്. നീർച്ചാല് കടന്നുവേണം വീട്ടിൽ നിന്ന് അമ്പലത്തിലെത്താൻ. അന്നൊരുദിവസം പെയ്ത പേമാരിയിൽ നീർച്ചാല് കുത്തിയൊഴുകി. വളരെ പരിചയമുള്ളതിനാൽ അമ്മയും മകളും കൈയോട് കൈ പിടിച്ച് വെള്ളത്തിലിറങ്ങി. വെള്ളപ്പാച്ചിൽ ഇരുവരെയും താഴേക്ക് കൊണ്ടുപോയി. തോട്ടിലൂടെ പത്തായച്ചിറ എന്ന ഭാഗത്ത് ആ ശവങ്ങൾ എത്തിച്ചേർന്നു. ആ അമ്പലവാസി അമ്മയും മോളുമാണത്രേ ആളുകളാരെങ്കിലും വരുമ്പോൾ വെള്ളത്തിലേക്ക് ചാടുന്നത്.

പാടങ്ങളിൽ കാണുന്ന വലിയ തവളകൾക്ക് പോക്കൻതവള എന്നാണിവിടെപ്പറയുക. ഭേകഃ എന്ന സംസ്കൃത നാമത്തെ മലയാളീകരിച്ചതാണ് പോക്കൻ. ഇവൻ തന്നെ തെക്കരുടെ പോക്കാച്ചിത്തവള. മണാട്ടിയേയും പോക്കനേയും പോലെ സാർവ്വത്രികമല്ലാത്ത ഒരിനം തവളയുണ്ട്. പൻ തവള എന്നാണ് നാട്ടുകാർ ഇതിനെ വിളിച്ചിരുന്നത്. വിഷമുള്ള തവളയാണെന്ന് ആളുകൾ പറയുമായിരുന്നു. ദേഹത്തുമുട്ടിയാൽ ചൊറിയുമത്രേ. ഇവയെക്കൂടാതെ കിണറുകളിലും കുണ്ടുകളിലും കുളങ്ങളായി മഴക്കാലങ്ങളിൽ രൂപം മാറുന്ന പാറക്കുഴികളിലും കാണപ്പെട്ട ഒരിനം ചെറിയ തവളയുണ്ട്. അവയുടെ സംഗീതം രസകരമാണ്. പാറക്കുണ്ടുകളിലെ വെള്ളത്തിൽ പതിനായിരക്കണക്കിന് തവളകളെ കാണാമായിരുന്നു. മരത്തിൽ ഇത്തിരിയൊക്കെപ്പൊക്കത്തിൽ ഒരിനം തവളകളെയും കണ്ടിട്ടുണ്ട്. ഇവയാണോ പറക്കും തവളകളെന്ന് എനിക്കറിയില്ല. ഇവയെ മരത്തവള എന്നാണ് വിളിച്ചുവന്നിരുന്നത്. ഇന്ന് ഇവയിൽ പല ഇനവും അപ്രത്യമായിക്കഴിഞ്ഞു. കെ.ഇ.എൻ. ഇതിനിടെ പറഞ്ഞതുപോലെ സുന്ദരമായ പൂമ്പാറ്റകളെപ്പോലും ഇന്ന് വളരെ അപൂർവ്വമായേ കാണുന്നുള്ളൂ.എന്താണിതിനു കാരണമെന്ന് അന്വേഷിക്കണം. നമ്മുടെ അന്ധമായ കീടനാശിനി പ്രയോഗമാണെന്ന് എനിക്ക് തോന്നുന്നു. ചിതലിനേയും ഈച്ചയേയും കൂറേയേയുമൊക്കെ കൊല്ലാൻ അടുക്കളയിൽ പോലും ചിതൽപൊടി എന്ന പേരിൽ B.H.C. യും D.D.T. യും വാരി വിതറാൻ നമ്മുടെ നാട്ടുകാർക്ക് യാതൊരു മടിയും ഇല്ലെന്നു വന്നിരിക്കുന്നു.

കീടനാശിനി പ്രയോഗത്തിന്റെ ഭീകരതയെ നേരിട്ട് മനസ്സിലാക്കാൻ ഇടയാക്കിയ ഒരു സംഭവം ഞാനോർക്കുന്നു. 1960ന് അടുത്താണ്. എല്ലാവീടുകളിലും D.D.T തളിക്കുക എന്നൊരു പരിപാടി അന്നത്തെ സർക്കാർ നടപ്പാക്കി. എന്തിനാണെന്ന് എനിക്കറിയില്ല. പുറത്ത് സ്പ്രേയറുകളുമായി പണിക്കാർ വീടുകളിലൊക്കെ വിഷം തളിച്ചു. ഈച്ചയും, കൂറയും, പല്ലിയും, എട്ടുകാലിയുമൊക്കെ ചത്തൊടുങ്ങി. കുറച്ചുകാലം സുഖകരമായി മുന്നോട്ടുപോയി. പൊടുന്നനെ എല്ലാ വീടുകളിലും അതുവരെ അജ്ഞാതമായിരുന്ന മൂട്ടകളുടെ ആക്രമണമുണ്ടായി. ഫർണിച്ചറുകളിലും പായയുടെ ഓലകൾക്കിടയിലും ഒക്കെ മൂട്ടകൾ സുലഭം. ജീവിതം നരകതുല്യമായി. മൂട്ടകളെ നിയന്ത്രിച്ചിരുന്ന അവയുടെ സ്വാഭാവിക എതിരാളികൾ ഉറുമ്പുകളോ കൂറകളോ ആണ്. അവയെ നശിപ്പിച്ചതോടെ മൂട്ടകൾ അനിയന്ത്രിതമായി പെരുകി എന്നല്ലേ ഇതിനർത്ഥം?



കേരളീയം

നൗഷാദ്.
ഒന്നാം വർഷം എം. എ. അറബിക്

# തനിമയുടെ പുതു ചിത്രങ്ങൾ

നഷ്ടപ്പെടുമ്പോൾ മാത്രം ഒന്നിനെക്കുറിച്ച് വിലപിക്കുക എന്നത് മനുഷ്യരുടെ ഒരു പൊതു സ്വഭാവമാണ്. കേരളത്തനിമയെക്കുറിച്ച് പറയുമ്പോഴും ഇതുതന്നെ കഥ. കേരളത്തനിമയെ നാം ഇന്ന് എവിടെ നിന്നാണ് വായിച്ചെടുക്കേണ്ടത്?. ഇന്നലെകളിൽ ജനികൊണ്ട കവിതകളിലെ സുന്ദരബിംബങ്ങളിലോ, കഥകളുടെ പിന്നാമ്പുറത്ത് ഒളിഞ്ഞുകിടക്കുന്ന മനോഹരമായ രൂപഭാവങ്ങളിലോ........ ഗതകാലസ്മൃതികളുടെ സമ്പന്നതയെക്കുറിച്ച് വൃദ്ധസദനത്തിന്റെ ഉമ്മറത്തിരുന്ന് പിറുപിറുക്കുന്ന മുത്തശ്ശിയുടെ, മുത്തച്ഛന്റെ താളം പിഴച്ചുപോയ വാക്കുകളിലോ....... എവിടെയാണ് നാം അതിനെ വീണ്ടും തിരയേണ്ടത്?.


അസഹ്യമെങ്കിലും ഒരു യാഥാർത്ഥ്യം പറയാതിരിക്കാൻ വയ്യ, കേരളത്തിന്റെ തനിമയെ അനുഭവിച്ചറിയാൻ നമുക്ക പഴയ സർഗ്ഗസാഹിത്യങ്ങളിലേക്കും മുത്തശ്ശനിലേക്കും മുത്തശ്ശന്മാരിലേക്കും തന്നെ തിരിച്ചുപോകേണ്ടിവരും. പക്ഷെ ലോകം ഒരു പാടുമാറി കേരളത്തിനും മാറാതിരിക്കാൻ നിർവ്വാഹമില്ല. കേരളവും മലയാളികളുമൊക്കെ ഒരുപാടുമാറിപ്പോയി. മാറിയ ഇന്നിന്റെ ഭൂമികയിൽ നിന്ന് വീണ്ടും കേരളത്തനിമയെ എങ്ങിനെ അനാവരണം ചെയ്യാം എന്നതിനാണ് പ്രമുഖ്യം നൽകുന്നതാലും കുറേക്കൂറിഅർത്ഥവത്താവുക എന്നാണ് എന്റെ പക്ഷം.

മലയാളി ഒരുപാടു മാറിപ്പോയി എന്നു പറയുന്നതിന് ഒരു വലിയ തലമുണ്ട്. യഥാർത്ഥത്തിൽ മലയാളിയുടെ മാറ്റം ഉള്ളാലെ വായിച്ചെടുക്കാൻ ശ്രമിച്ചാൽ മനസ്സിലാക്കുന്ന ഒത്തിരി വസ്തുതകളുണ്ട്. അത്, മലയാളിക്ക് മാറാൻ യാതൊരു താല്പര്യവുമില്ല എന്നതാണ്. പക്ഷെ സന്ദർഭത്തിന്റെ സമ്മർദ്ധം എന്നു പറയുക ഒരു പക്ഷെ ലോകത്ത് അവകാശപ്പെടാൻ കഴിയുന്ന ഒരു സമൂഹം മലയാളികൾ മാത്രമായിരിക്കും.

ഈയൊർത്ഥിൽ, മലയാളി ഇന്ന് രണ്ട് യാഥാർത്ഥ്യങ്ങൾക്കിടയിൽ നിന്നുകൊണ്ട് അസ്വസ്ഥരാവുകയാണ്. അതായത് മാറിയലോകത്തിന്റെ സമ്മർദ്ധങ്ങൾക്ക് മലയാളി വിധേയനാവേണ്ടിവരുമ്പോഴും, ഓരോ മലയാളിയുടെയും ഹൃദയത്തിന്റെ ആഴങ്ങളിൽ നീലിനമായിക്കിടക്കുന്ന മലയാൺ(കേരളീയത) വീണ്ടും! അവനെ ഒരു തനിമയുള്ള മലയാളിയായി നിലകൊള്ളാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു! ഓരോ മലയാളിയുടെയും ഹൃദയംന്തരാളത്തിലെ ഒരു വലിയ സാന്നിദ്ധ്യമായി ഇന്നും കേരളീയത അവശേഷിക്കുന്നു എന്താണ് ഇതിന്റെ പൊരുൾ. ഈ കേളീയതയെ വായിച്ചെടുക്കുന്നതലും ഇനിയുള്ള കാലങ്ങളിൽ പ്രസ്ക്തമായ കാര്യം.

മലയാളിയിലെ മാറ്റത്തെ ചെറുതാക്കികാണിക്കാനുള്ള ഒരു പാഴ്ശ്രമമായി ഇതിനെ ഒരു വായനക്കാരൻ തെറ്റിദ്ധരിക്കല്ലെന്ന് എനിക്കുറച്ചു വിശ്വസമുണ്ട്. കാരണം മലയാളിയുടെമാറ്റം.

മലയാളിമാറിയിട്ടുണ്ട് എന്ന്! പറയുന്നതിനേക്കാൾ മലയാളി നടിക്കുകയും എന്ന്! പറയുന്നതാവും കൂടുതൽ നന്നാവുക. മറ്റെന്തൊക്കെയോ ആവാൻ മലയാളി വൃഥാശ്രമിക്കുകയാണ്. അപ്പോൾ അവന്റെ ഹൃദയാന്തരാളങ്ങളിലെ കേരളീയത ആവനെ കുത്തിനോവിക്കുകയോ ചെയ്തുകൊണ്ടിരിക്കുന്നു! ഈയൊരു യാഥാർത്ഥ്യത്തിന്റെ പരിഛേദങ്ങൾ പുതിയ മലയാള കഥകളിലും കവിതകളിലുമൊക്കെ അങ്ങിങ്ങായി കോറിയിട്ടത് നമുക്ക് വായിക്കാൻ കഴിയു.



അമേരിക്കയിലെ സിലിക്കൺ വാലിയിലേക്ക് കമ്പ്യൂട്ടർ വിദഗ്ദ്ധനായി മലയാളി സകുടുംബം ചേക്കേറിയാലും ഓരോമലയാളി ഹൃദയവും ഗൃഹാതുരതയോടെകഴിഞ്ഞുകൂടുകയാണ്. ഒഴിവുകാലങ്ങളിൽ വല്ലപ്പോഴും ജന്മദേശത്ത്തിരിച്ചെത്തുമ്പോഴും അവരുടെ കുഞ്ഞുങ്ങൾ ആർത്തി

യോടെ വീണ്ടും ആൽത്തറയിലേക്കും, ഇടിഞ്ഞു പൊളിഞ്ഞ കുളക്കടവിലേക്കു, മൃതിയടഞ്ഞ്, അപ്രത്യക്ഷമാവാറായ ഗ്രാമവഴികളിലേക്കുമൊക്കെ ചെന്നടുക്കാൻ ശ്രമിക്കുന്നതിനുപിന്നിലെ വികാരം ഇതാണ് സൂചിപ്പിക്കുന്നത് മുത്തശ്ശന്മാർക്കും, മുത്തശ്ശിമാരുമാണ് കുഞ്ഞുങ്ങളുടെ മനസ്സിലേക്ക് ഇത് പകർന്നു കൊടുത്തത്. പക്ഷെ ഇന്ന് മലയാളികൾ ഇവരെ മാറ്റിപ്പാർപ്പിച്ചിരിക്കുന്നു എന്നത് വലിയൊരു വൈരദ്ധ്യം മാത്രം.

കൈരളി കാത്തുസൂക്ഷിച്ചു പോന്ന അതിന്റെ മനോഹരമായ മിത്തുകളിൽ പ്രഥമസ്ഥാനം അലങ്കരിക്കുന്ന ഓണം പ്രതിഫലിപ്പിക്കുന്നത് ഈയൊരു സന്ദേശം തന്നെയാണ്. ഭരണങ്ങൾ ഒരായിരം തവണം ഓരോമലയാളിക്കുമുന്നിലൂടെ കടന്നു പോയെങ്കിലും ഒരു മലയാളിയും ഓണത്തെ ഉള്ളാലെ വായിച്ചെടുക്കാൻ ശ്രമിച്ചിട്ടില്ല എന്നാണ് എന്റെ പരാതി ഇന്നും വയോവൃദ്ധരായി കഴിഞ്ഞു കൂടുന്ന മലയാളി തലമുറകളുടെ ഹൃദയകളുടെ ഹൃദയത്തിലെ സുന്ദരമായ ഒരു കോണിൽ കാത്തു സൂക്ഷിച്ചുവെച്ചു സമൃദ്ധമായ ഇന്നലെയെ, മാറിയ ഇന്നിലും പുനർജ്ജീവിപ്പിക്കാനുള്ള ഒരു വലിയ സന്ദേശം നൽകാനാണ് ഓരോ വസന്തത്തിനും മുന്നോടിയായി ഓണം മലയാളികളെത്തേടിയെത്തു



ന്നത്. വസന്തത്തിന്റെ തുടക്കത്തിൽ ഓണ കടന്നുവരുന്നരിലെ ഈ വലിയ പൊരുൾ മലയാളി ഇനിയെങ്കിലും വായിക്കാൻ തുനിഞ്ഞിരുന്നെങ്കിൽ.